VOL NO: 08 I ISSUE 13
2024 MARCH 30 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

ലോക്സഭാ തെരഞ്ഞെടുപ്പ് ആസന്നമായതോടെ വർഗീയതയും വംശീയതയും അധികാര ദുർവിനിയോഗവും പരമാവധി ശക്തമാക്കിയിരിക്കുകയാണ് മോദിയും ബിജെപിയും. ജനപിന്തുണ നഷ്ടപ്പെട്ടു എന്നുറപ്പായതോടെ പാർലമെന്ററി ജനാധിപത്യത്തെ അട്ടിമറിച്ചും ഫെഡറലിസത്തെ തകർത്തും മൂന്നാമതും അധികാരം പിടിച്ചടക്കാനുള്ള തരംതാണ കളികളാണ് കുറച്ചുനാളുകളായി രാജ്യം കണ്ടുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ പത്തുവർഷത്തെ മോദി ഭരണത്തിന്റെ സംക്ഷിപ്തമായ വിലയിരുത്തൽ.



## ലോക്സഭാ തെരഞ്ഞെടുപ്പും സംഘ് കുതന്ത്രങ്ങളും

### ലൈലതുൽ ക്വദ്ർ എന്ന പുണ്യരാവ്

|| നോമ്പോർമകളിലെ കണ്ണീർ മഴ

|| ഇഅ്തികാഫ്, ഫിത്വ്ർ സകാത്ത്

|| ബദ്റും ബദ്രീങ്ങളും പിന്നെ ബദ്ർ മാലയും



















| | |
|---|---|
| പ്രാർഥനയുടെ അത്ഭുതങ്ങൾ | ₹170 |
| ദിക്റുകൾ: നേട്ടങ്ങൾ, ആദാബുകൾ | ₹100 |
| നമസ്കാരത്തിലെ പ്രാർത്ഥനകൾ, പ്രകീർത്തനങ്ങൾ | ₹100 |
| നബി (സ്വ)യുടെ പ്രാർഥനകൾ | ₹120 |
| രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ | ₹80 |
| | ₹ 570 |

Limited Offer

DISCOUNT PRICE ₹370




പുസ്തകം നിങ്ങളുടെ വീട്ടിൽ എത്തിക്കുന്നു


WISDOM BOOKS

**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road, Chalappuram,
Kozhikode 673002. Mob: +91 7356766478
www.wisdombooksonline.com

CONTACT: Mob: +91 7356 766 478

0375
# നേർപഥം
വാരിക

2024 മാർച്ച് 30
1445 റമദാൻ 20
പുസ്തകം 08 / ലക്കം 13

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Psrint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**







**സുഫ്‌യാൻ അബ്ദുസ്സലാം**

ലോക്സഭാ തെരഞ്ഞെടുപ്പ് ആസന്നമായതോടെ വർഗീയതയും വംശീയതയും അധികാര ദുർവിനിയോഗവും പരമാവധി ശക്തമാക്കിയിരിക്കുകയാണ് മോദിയും ബിജെപിയും. ജനപിന്തുണ നഷ്ടപ്പെട്ടു എന്നുറപ്പായതോടെ പാർലമെന്ററി ജനാധിപത്യത്തെ അട്ടിമറിച്ചും ഫെഡറലിസത്തെ തകർത്തും മൂന്നാമതും അധികാരം പിടിച്ചടക്കാനുള്ള തരംതാണ കളികളാണ് കുറച്ചുനാളുകളായി രാജ്യം കണ്ടുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ പത്തുവർഷത്തെ മോദി ഭരണത്തിന്റെ സംക്ഷിപ്ത മായ വിലയിരുത്തൽ.

**05** മുഖമൊഴി
പശ്ചാത്താപം രക്ഷാമാർഗം

**06** ലേഖനം
ലക്ഷ്യം ബ്രിട്ടീഷ് ഗവൺമെന്റിനെ പിന്തുണക്കൽ
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

**18** ചരിത്രപഥം
മദ്റസ പ്രസ്ഥാനത്തിനെതിരെ യാഥാസ്ഥിതികരുടെ പോരാട്ടം
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**22** അനുഭവക്കുറിപ്പ്
നോമ്പോർമകളിലെ കണ്ണീർ മഴ
തെസ്‌ന വിരാൻ

**23** ചിന്താപഥം
ഈ റമദാനിൽ നാം എന്തു നേടി?
ലുക്വ്മാനുൽ ഹകീം അൽഹികമി

**24** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറ:സ്വാഫാത്ത്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** കർമപഥം
ഇഅ്തികാഫ് ഫിത്വ്ർ സകാത്ത്
വിവ. അബ്ദുൽ ജബ്ബാർ മദീനി

**30** ലേഖനം
ബദ്റും ബദ്‌രീങ്ങളും പിന്നെ ബദ്ർ മാലയും
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

**34** ഹദീസ് പാഠം
ലൈലതുൽ ക്വദ്ർ എന്ന പുണ്യരാവ്
അബൂഫായിദ

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly




# എന്റെ ധനം എന്റേതല്ല...
# സകാത്ത്... കണക്ക് നോക്കാം...
# കൊടുത്തു തീർക്കാം

## Wisdom Islamic Organization
# Kerala Zakath Cell

Wisdom Islamic Organization
Kerala Zakath Cell
Ac/No: 38439503754
State Bank of India
Palayam Branch, Kozhikode
IFS Code:SBIN0008635
UPI ID:WISDOMISLAMICKERALA@SBI

SCAN & PAY

Contact: **0495 401 9437, 9567070031, 8606000750**

രജി. നമ്പർ, KKD/CA/616/2017 സി.വി.കോംപ്ലക്സ്, പി.വി.സ്വാമി റോഡ്, കോഴിക്കോട്

# പശ്ചാത്താപം രക്ഷാമാർഗം

സംശുദ്ധരായി ജീവിക്കുവാൻ കൽപിക്കപ്പെട്ടവരാണ് സത്യവിശ്വാസികൾ. വൃത്തി ഈമാനിന്റെ ഭാഗമാണ് എന്ന പ്രവാചകമൊഴി അക്കാര്യമാണ് ബോധ്യപ്പെടുത്തുന്നതും. ഒരു മുസ്‌ലിം എങ്ങനെ ശുദ്ധിയുടെ ഉടമയല്ലാതിരിക്കും? ഇസ്‌ലാമിൽനിന്നും അവൻ ഉൾക്കൊണ്ട വിശ്വാസം, ആരാധനകൾ, സ്വഭാവങ്ങൾ, പെരുമാറ്റങ്ങൾ, നിലപാടുകൾ, സഹവർത്തിത്വ മര്യാദകൾ എല്ലാം പരിശുദ്ധമാണ്. ഇവയിലൊന്നും കറപുരണ്ടുകൂടാ എന്ന നിഷ്‌കർഷ ഉണ്ടാകുമ്പോഴാണ് വിശുദ്ധിയോടെ ജീവിക്കാൻ സത്യവിശ്വാസിക്ക് സാധ്യമാവുക.

ശരീരത്തെയും മനസ്സിനെയും മാലിന്യമുക്തമാക്കുവാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു. ശരീരത്തിലെ മാലിന്യം കഴുകിക്കളയാം. അങ്ങനെ ശരീരം വൃത്തിയാക്കാം. മനസ്സിലെ മാലിന്യം വൃത്തിയാക്കേണ്ടത് തെറ്റുകുറ്റങ്ങൾ വർജിച്ചുകൊണ്ടും പശ്ചാത്താപിച്ചുകൊണ്ടുമാണ്. അല്ലാഹു പറയുന്നു: “തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു” (2:222).

പാപം മനുഷ്യസഹജമാണ്. പശ്ചാത്താപമാണ് അതിന്ന് പരിഹാരം. നബി(സ്വ) പറഞ്ഞു: “ആദമിന്റെ പുത്രന്മാർ എല്ലാവരും തെറ്റുചെയ്യുന്നവരാണ്. തെറ്റുചെയ്യുന്നവരിൽ ഉത്തമന്മാർ പശ്ചാത്തപിച്ചു മടങ്ങുന്നവരാണ്” (തിർമിദി, ഇബ്നുമാജ, അഹ്മദ്).

വിശുദ്ധ ക്വുർആൻ പറയുന്നു: “സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്‌കളങ്കമായ പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്‌തേക്കാം. അല്ലാഹു പ്രവാചകനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും അപമാനിക്കാത്ത ദിവസത്തിൽ...” (ക്വുർആൻ 66:8).

വിശ്വാസിയായ ദാസന്റെ പശ്ചാത്താപത്തിൽ അല്ലാഹു അത്യധികം സന്തോഷിക്കുന്നു എന്നറിയിക്കുന്ന നബിവചനം പ്രസിദ്ധമാണ്. വിജനമായ മരുഭൂമിയിൽ വെച്ച് കാണാതായ യാത്രാമൃഗത്തെ തിരിച്ചുകിട്ടുമ്പോൾ യാത്രക്കാരനുണ്ടാകുന്ന സന്തോഷത്തെക്കാൾ വലിയ സന്തോഷം! തെറ്റുകൾ ബോധ്യപ്പെട്ടും അവയിൽ ആത്മാർഥമായി ഖേദിച്ചും കണ്ണുനീർപൊഴിച്ചും പശ്ചാത്തപിച്ചു പ്രാർഥിക്കുമ്പോൾ സത്യവിശ്വാസിയിൽ നിറഞ്ഞുകവിയുന്നത് ഈമാനാണ്. അവന്ന് അല്ലാഹുവിനെ അറിയാം. അവന്റെ കാരുണ്യത്തെപ്പറ്റി അറിയാം. പശ്ചാത്താപത്തിന്റെ മഹിമയറിയാം. പശ്ചാത്തപിക്കുന്നവർക്ക് പരലോകത്ത് ലഭിക്കാനിരിക്കുന്ന പദവികളെപ്പറ്റിയുമറിയാം. പാപപങ്കിലമായ മനസ്സുമായി പടച്ചവനെ കണ്ടുമുട്ടേണ്ടിവന്നാലുണ്ടാകുന്ന ദുരന്തവും ദുരിതവും അവന്നറിയാം. ഇത്തരം സ്വഭാവമുള്ള സത്യവിശ്വാസികളെപ്പറ്റി അല്ലാഹു പറഞ്ഞു: “വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തു പോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർ.-പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?-ചെയ്തു പോയ (ദുഷ്)പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ” (ക്വുർആൻ 3:135).

റമദാനിന്റെ അവശേഷിക്കുന്ന ദിനരാത്രങ്ങളിൽ കണ്ണുനീരൊഴുക്കി ഖേദിച്ചുമടങ്ങുക. നിർബന്ധ കർമങ്ങൾ കൂടാതെ സാധിക്കുന്നത്ര ഐച്ഛിക കർമങ്ങൾ ചെയ്യാൻ മനസ്സ് കാണിക്കുക. അങ്ങനെ കൂടുതൽ കൂടുതൽ സ്രഷ്ടാവിനോട് അടുക്കാനും അവന്റെ പ്രീതി കരസ്ഥമാക്കുവാനും ശ്രമിക്കുക. തെറ്റുകളിലേക്ക് മടങ്ങില്ലെന്ന് പ്രതിജ്ഞയെടുക്കുക.

പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ
9447 701 741

ഖാദിയാനി വേദപുസ്തകം 'തദ്കിറ'യിലൂടെ ഒരു യാത്ര 54

# ലക്ഷ്യം ബ്രിട്ടീഷ് ഗവൺമെന്റിനെ പിന്തുണക്കൽ

'ഇസ്‌ലാമിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന് അല്ലാഹുവിനെ അനുസരിക്കൽ, രണ്ട് സമാധാനം സ്ഥാപിച്ച് അക്രമങ്ങളിൽനിന്നും സംരക്ഷണം നൽകിയ ബ്രിട്ടീഷ് ഗവൺമെന്റിനെ അനുസരിക്കൽ' എന്നും 'ബ്രിട്ടീഷുകാർക്കെതിരെയുള്ള ജിഹാദ് ഹറാമാണെ'ന്നുമുള്ള പ്രഖ്യാപനം വളരെ ഗൗരവമുള്ള ഒരു മതനിയമമാണല്ലോ. വിശുദ്ധ ക്വുർആനിലൂടെ അല്ലാഹു നിർബന്ധമാക്കിയ ജിഹാദ് നിഷിദ്ധമാക്കാൻ ഇംഗ്ലീഷുകാരോടുള്ള വിധേയത്വം മാത്രമാണ് മിർസയെ പ്രേരിപ്പിച്ചിട്ടുള്ളത്.



**ബിസ്മില്ലാഹി എവിടെ?**

മിർസയുടെ വാദം 'തദ്കിറ' ക്വുർആനിന്റെ രണ്ടാം വാല്യമാണ് എന്നാണ്. എന്നാൽ ഇതിൽ അറബിയിൽ ഇറങ്ങിയ വഹ്‌യുകളായി അവകാശപ്പെടുന്നവയുടെ പോലും തുടക്കത്തിൽ ബിസ്മി എഴുതിയതായി കാണുന്നില്ല. പക്ഷേ, ഹദീസുകളോട് സാമ്യപ്പെടുത്തുന്ന 'സീറത്തുൽ മഹ്ദി'യിലെ എല്ലാ നിവേദനങ്ങളും ബിസ്മികൊണ്ടാണ് തുടങ്ങുന്നത്. എല്ലാ കാര്യത്തിലുമെന്ന പോലെ തലതിരിഞ്ഞ നിലപാടാണ് ഈ കാര്യത്തിലും ഖാദിയാനികൾ സ്വീകരിച്ചിട്ടുള്ളത്.

> ദജ്ജാൽ, യഅ്ജൂജ് മഅ്ജൂജ്, ദാബ്ബത്തുൽ അർള് തുടങ്ങിയവയെപ്പറ്റിയുള്ള കൃത്യമായ അറിവ് മുഹമ്മദ് നബി(സ്വ)ക്ക് പോലും ലഭിച്ചിട്ടില്ലെന്നും തനിക്ക് അതെല്ലാം വിശദീകരിച്ചുതന്നിട്ടുണ്ടെന്നും മിർസ അവകാശപ്പെടുന്നുണ്ടെങ്കിലും അവയെ സംബന്ധിച്ച് പറഞ്ഞതിൽ ഗുരുതരമായ വൈരുധ്യങ്ങളാണ് കാണാൻ സാധിക്കുക. ദജ്ജാൽ ക്രിസ്ത്യൻ പാതിരിമാരാണെന്നും ദജ്ജാലിന്റെ കഴുത തീവണ്ടിയാണെന്നും, ദാബ്ബതുൽ അർള് ചിലപ്പോൾ മുസ്‌ലിം പണ്ഡിതന്മാരും മറ്റുചിലപ്പോൾ പ്ലേഗ് രോഗമാണെന്നും അദ്ദേഹം എഴുതിവച്ചിട്ടുണ്ട്.

## ഇൽഹാമി ഖുതുബ തദ്കിറക്കു പുറത്ത്

മിർസാ ഖാദിയാനിയുടെ 'ഖുതുബയേ ഇൽഹാമിയ്യ' പൂർണമായും ദൈവിക വചനങ്ങളാണെന്ന് പറഞ്ഞുകൊണ്ട് ഓരോ വചനത്തിന്റെയും അവസാനത്തിൽ ക്രമനമ്പർ നൽകിയിട്ടുണ്ട്. എന്നാൽ ആദ്യഭാഗത്തുള്ള 330 വചനങ്ങൾ മാത്രമെ ദൈവിക വചനമാണെന്ന വാദമുള്ളൂ. അതു മാത്രമാണ് ഖുതുബയിൽ പറഞ്ഞത്. പിന്നീട് കൂട്ടിച്ചേർത്ത രണ്ട് അധ്യായങ്ങൾ 'ദൈവിക'മല്ലെങ്കിലും വചനങ്ങൾക്ക് ക്രമനമ്പർ നൽകിയതായി കാണാം.

ഈ 330 വചനങ്ങൾ ദൈവികമാണെങ്കിൽ തദ്കിറയിൽ കാണേണ്ടതാണല്ലോ! പക്ഷേ, അതിനെക്കുറിച്ച് അറബിയിലും ഉർദുവിലും വന്ന രണ്ട് 'വഹ്‌യുകൾ' മാത്രമാണുള്ളത്. 1900 ഏപ്രിൽ 11ന് രാവിലെ 'അല്പം അറബിയിൽ പറയൂ, ഇന്ന് നിങ്ങൾ അറബിയിൽ പ്രസംഗിക്കുക, അതിനുള്ള കഴിവ് നിങ്ങൾക്ക് നൽകിയിരിക്കുന്നു ' എന്ന് ഉർദുവിലും 'ഈ വാചാലമായ വചനങ്ങൾ മാന്യനായ അല്ലാഹുവിൽ നിന്നുള്ളതാകുന്നു' എന്ന് അറബിയിലും വഹ്‌യ് അവതരിപ്പിച്ചതായി പറയുന്നുണ്ട്. (പേജ് 356-357). എല്ലാം കഴിഞ്ഞശേഷം 'മുബാറക്' എന്ന് ആശംസിക്കുന്നുമുണ്ട്. (പേജ് 359)

ഇതു പൂർണമായും ദൈവത്തിന്റെ വചനമാണെന്ന് പറയുമ്പോഴും ഈ സമാഹാരത്തിൽ ചേർക്കാതിരുന്നത് അതിന് മാത്രമുള്ള നിലവാരം ഇല്ലാത്തത് കൊണ്ടായിരിക്കാം. അതല്ലെങ്കിൽ നേതാക്കൾക്ക് ദൈവികമാണെന്ന വിശ്വാസം ഇല്ലായിരിക്കാം.

## 'മരിച്ചവനെ എങ്ങനെ ജീവിപ്പിക്കും?'

1901 ലെ ആദ്യത്തെ വഹ്‌യായി എഴുതിയത് "അവർ പറഞ്ഞു: ഈ തഫ്സീർ ഒന്നുമല്ല" എന്നായിരുന്നു. ജനുവരി 24നാണ് അത് 'അൽഹക'മിൽ പ്രസിദ്ധീകരിച്ചത്. തുടർന്നു പറഞ്ഞു: "ഈ തഫ്സീർ രചനയിൽ നിന്നെ നേരിടാൻ ആർക്കും സാധ്യമല്ല" (പേജ് 416).

അറബി ഭാഷയിൽ രചിച്ച ഫാതിഹയുടെ തഫ്സീറാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. നേരത്തെ ഇതേ ഉള്ളടക്കത്തിൽ 'കറാമാത്തുസ്സ്വാദികീൻ,' 'അയ്യാമുസ്സുൽഹ്' എന്നീ കൃതികൾ പ്രസിദ്ധീകരിച്ചിരുന്നു. 1901 ലാണ് 'ഇഅ്ജാസുൽ മസീഹ്' പ്രസിദ്ധീകരിച്ചത്. 70 ദിവസം കൊണ്ടാണ് ഈ കൃതി പൂർത്തീകരിച്ചതെന്നും ഇത്രയും ദിവസംകൊണ്ട് ആരെങ്കിലും ഇതിനെ വെല്ലുന്ന ഒരു പുസ്തകം രചിച്ചാൽ 500 രൂപ നൽകുമെന്നും മുസ്‌ലിം പണ്ഡിതന്മാരെ വെല്ലുവിളിച്ചുകൊണ്ടാണ് അതെഴുതിയത്. പക്ഷേ, അതിന്റെ ഉള്ളടക്കവും സൂറത്തുൽ ഫാതിഹയുടെ വ്യാഖ്യാനമാണ് എന്നറിയുമ്പോഴാണ് ഈ വെല്ലുവിളിയുടെ പൊള്ളത്തരം മനസ്സിലാവുക. ഏഴ് ആയത്തുകളുടെ വ്യാഖ്യാനം 70 ദിവസങ്ങൾകൊണ്ട് മൂന്നാമതും എഴുതി എന്നതാണത്രെ അതിമഹത്തായ അമാനുഷികത!

പുസ്തകത്തിന്റെ പേര് സൂചിപ്പിക്കുന്നപോലെ കറാമത്ത് വളർന്ന് മുഅ്ജിസത്തായി എന്നത് വലിയൊരു സന്ദേശം നൽകുന്നുണ്ട്. എന്നുവെച്ചാൽ വലിയ്യ് വാദത്തിൽനിന്ന് പ്രവാചകത്വ വാദത്തിലേക്കുള്ള വളർച്ച!

1901ലെ ഏറ്റവും അവസാനത്തെ 'വഹ്‌യിൽ' 'മരിച്ചവനെ എങ്ങനെ ജീവിപ്പിക്കും' എന്ന ചോദ്യവും ആകാശത്തുനിന്ന് കാരുണ്യത്തിനും പാപമോചനത്തിനുമുള്ള അർഥനയുമാണ് ഉള്ളത്. മകൻ മുബാറക് അഹ്മദ് മരണത്തിൽ നിന്ന് രക്ഷപ്പെട്ട് ജീവിതത്തിലേക്ക് തിരിച്ചുവന്നതായിരുന്നു അതിന്റെ പുലർച്ചയെന്ന് അവകാശപ്പെട്ടെങ്കിലും ഏറെ വൈകാതെ ആ കുട്ടി മരിച്ചുപോവുകയായിരുന്നു. വിശുദ്ധ ഖുർആനിൽ അറുത്ത്

കഷ്ണങ്ങളാക്കിയ പക്ഷികളെ പുനരുജ്ജീവിപ്പിച്ചുകൊണ്ടായിരുന്നു ഇബ്റാഹിം നബി(അ)യുടെ ഇതേ സംശയം ദൂരീകരിച്ചത്. ഇവിടെ മകന് താൽക്കാലികമായി ലഭിച്ച രോഗശമനം മാത്രമാണ് ചോദ്യത്തിനുള്ള മറുപടി. ഈ വ്യത്യാസം എല്ലാ കാര്യത്തിലും നമുക്ക് കാണാവുന്നതാണ്. വ്യാജ പ്രവാചകത്വവാദിക്ക് ഇതിനല്ലേ കഴിയൂ!

**സ്വയം നിർമിക്കുന്ന നിയമങ്ങൾ**

'തദ്കിറ'യിലൂടെ കണ്ണോടിച്ചാൽ നേരത്തെ ഇസ്‌ലാമിലുള്ള ചില ശരീഅത്ത് നിയമങ്ങൾ തന്നെ തനിക്ക് വഹ്‌യ് ലഭിച്ചതായി മിർസ അവകാശപ്പെടുന്നത് കാണാം. ഉദാ: "വിശ്വാസികളോട് പറയുക: അവർ കണ്ണുകൾ താഴ്ത്തിവെച്ചുകൊള്ളട്ടെ. അവരുടെ ഗുഹ്യഭാഗങ്ങൾ കാത്തുകൊള്ളുകയും ചെയ്യട്ടെ. ഇതാകുന്നു അവർക്കുള്ള ഏറ്റവും സംസ്കൃതമായ നടപടി."

എന്നാൽ ഇസ്‌ലാമിലെ സുപ്രധാനമായ നിയമങ്ങൾ റദ്ദാക്കുന്നതിനോ പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിനോ വഹ്‌യോ ദൈവികനിർദേശമോ ആവശ്യമില്ല എന്നതാണ് ഖാദിയാനി മതത്തിന്റെ സവിശേഷത.

'ഇസ്‌ലാമിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന് അല്ലാഹുവിനെ അനുസരിക്കൽ, രണ്ട് സമാധാനം സ്ഥാപിച്ച് അക്രമങ്ങളിൽനിന്നും സംരക്ഷണം നൽകിയ ബ്രിട്ടീഷ് ഗവൺമെന്റിനെ അനുസരിക്കൽ' എന്നും 'ബ്രിട്ടീഷുകാർക്കെതിരെയുള്ള ജിഹാദ് ഹറാമാണെ'ന്നുമുള്ള പ്രഖ്യാപനം വളരെ ഗൗരവമുള്ള ഒരു മതനിയമമാണല്ലോ. വിശുദ്ധ ക്വുർആനിലൂടെ അല്ലാഹു നിർബന്ധമാക്കിയ ജിഹാദ് നിഷിദ്ധമാക്കാൻ ഇംഗ്ലീഷുകാരോടുള്ള വിധേയത്വം മാത്രമാണ് മിർസയെ പ്രേരിപ്പിച്ചിട്ടുള്ളത്. മിർസാ ഖാദിയാനിയുടെ 'ഫതാവാ അഹ്മദിയ്യ'യിലെ മൂന്നാമത്തെ ഫത്‌വ, അനുയായികൾ കർമശാസ്ത്ര കാര്യങ്ങളിൽ ഇമാം അബൂഹനീഫയുടെ മദ്ഹബ് സ്വീകരിക്കണമെന്നാണ്.

ഇതിന്റെ സാംഗത്യത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുന്നില്ല. ഇപ്പറഞ്ഞതിനൊന്നും വഹ്‌യിന്റെയോ ദർശനത്തിന്റെയോ പിൻബലമുണ്ടന്ന് മിർസാഗുലാം അവകാശപ്പെടുന്നില്ല എന്നതാണ് രസകരം.

ഏതുകാര്യത്തിലും സ്വന്തമായ തീരുമാനമെടുക്കുകയാണ്, അല്ലാഹുവിന്റെ നിയമങ്ങൾക്കെതിരായാൽ പോലും അദ്ദേഹം ചെയ്യുന്നത്. ഇതിന്റെ ഫലമാണ്, പല വാദങ്ങളിലും ഗുരുതരമായ വൈരുധ്യങ്ങൾ കാണാൻ സാധിക്കുന്നത്.

ദജ്ജാൽ, യഅ്ജൂജ് മഅ്ജൂജ്, ദാബ്ബത്തുൽ അർള് തുടങ്ങിയവയെപ്പറ്റിയുള്ള കൃത്യമായ അറിവ് മുഹമ്മദ് നബി(സ്വ)ക്ക് പോലും ലഭിച്ചിട്ടില്ലെന്നും തനിക്ക് അതെല്ലാം വിശദീകരിച്ചുതന്നിട്ടുണ്ടെന്നും മിർസ അവകാശപ്പെടുന്നുണ്ടെങ്കിലും അവയെ സംബന്ധിച്ച് പറഞ്ഞതിൽ ഗുരുതരമായ വൈരുധ്യങ്ങളാണ് കാണാൻ സാധിക്കുക.

ദജ്ജാൽ ക്രിസ്ത്യൻ പാതിരിമാരാണെന്നും ദജ്ജാലിന്റെ കഴുത തീവണ്ടിയാണെന്നും, ദാബ്ബതുൽ അർള് ചിലപ്പോൾ മുസ്‌ലിം പണ്ഡിതന്മാരും മറ്റുചിലപ്പോൾ പ്ലേഗ് രോഗമാണെന്നും അദ്ദേഹം എഴുതിവച്ചിട്ടുണ്ട്. യഅ്ജൂജ്



ഈസാനബി(അ)യുടെ മുത്തശ്ശിമാർ തേവിടിശ്ശികളാണെന്നും ആ രക്തത്തിലാണ് അദ്ദേഹം ജനിച്ചതെന്നും മാത്രമല്ല വിശുദ്ധ ക്വുർആൻ സത്യവിശ്വാസികൾക്ക് മാതൃകയായി പരിചയപ്പെടുത്തിയ ഈസാ നബിയുടെ മാതാവിനെ വിവാഹത്തിനുമുമ്പ് ഗർഭിണിയായവളെന്നും -നഊദു ബില്ലാഹ്- ഈസാ നബി മദ്യലഹരിയിൽ വേശ്യയുമായി സല്ലപിച്ചിരുന്നുവെന്നുമൊക്കെ കേട്ടാലറയ്ക്കുന്ന ആക്ഷേപങ്ങളുന്നയിച്ചത് മിർസാ ഖാദിയാനിയുടെ ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും.


جوش دلانے والے مسائل جو احمقوں کے دلوں کو خراب کرتے ہیں۔ انکے دلوں سے معدوم ہو جائیں
پھر کیونکر ممکن تھا کہ میں اس سلطنت کا بدخواہ ہوتا یا کوئی ناجائز باغیانہ منصوبے اپنی جماعت
میں پھیلاتا جبکہ میں بیس برس تک یہی تعلیم اطاعت گورنمنٹ انگریزی کی دیتا رہا۔ اور اپنے
مریدوں میں یہی ہدایتیں جاری کرتا رہا۔ تو کیونکر ممکن تھا کہ ان تمام ہدایتوں کے برخلاف
کسی بغاوت کے منصوبے کی میں تعلیم کرتا۔ حالانکہ میں جانتا ہوں کہ خدا تعالیٰ نے اپنے
خاص فضل سے میری اور میری جماعت کی پناہ اس سلطنت کو بنا دیا ہے۔ یہ امن جو اس
سلطنت کے زیر سایہ ہمیں حاصل ہے نہ یہ امن مکہ معظمہ میں مل سکتا ہے نہ مدینہ میں۔ اور
نہ سلطان روم کے پایہ تخت قسطنطنیہ میں۔ پھر میں خود اپنے آرام کا دشمن بنوں۔ اگر اس
سلطنت کے بارے میں کوئی باغیانہ منصوبہ دل میں مخفی رکھوں اور جو لوگ مسلمانوں میں سے
ایسے بدخیال جہاد اور بغاوت کے دلوں میں مخفی رکھتے ہوں میں انکو سخت نادان اور بدقسمت
ظالم سمجھتا ہوں۔ کیونکہ ہم اس بات کے گواہ ہیں کہ اسلام کی دوبارہ زندگی انگریزی سلطنت کے
امن بخش سایہ سے پیدا ہوئی ہے۔ تم جو چاہو دل میں مجھے کہو۔ گالیاں نکالو۔ یا پہلے کی طرح کافر
کا فتویٰ لکھو۔ مگر میرا اصول یہی ہے کہ ایسی سلطنت سے دل میں بغاوت کے خیالات رکھنا۔ یا
ایسے خیال جن سے بغاوت کا احتمال ہو سکے سخت بدذاتی اور خدا تعالیٰ کا گناہ ہے۔ بہتیرے
ایسے مسلمان ہیں جن کے دل کبھی صاف نہیں ہوں گے جب تک ان کا یہ اعتقاد نہ ہو کہ خونی مہدی
اور خونی مسیح کی حدیثیں تمام افسانہ اور کہانیاں ہیں۔

മഅ്ജൂജ് ബ്രിട്ടീഷുകാരും റഷ്യക്കാരുമാണെന്നും ഹൈന്ദവ വേദങ്ങൾ ദൈവപ്രോക്തമാണെന്നും; അല്ല, സൂര്യാരാധനയും ബിംബാരാധനയും പഠിപ്പിച്ച, എല്ലാവിധ ശിർക്കിന്റെയും അനാചാരങ്ങളുടെയും ഉറവിടമാണെന്നുമൊക്കെ, ഒരു പ്രവാചത്വവാദിയുടെ വരമൊഴിയിൽ പരസ്പരവിരുദ്ധമായ വിശദീകരണങ്ങൾ കാണേണ്ടി വരുന്നത് അത് സംബന്ധമായ വിവരം അല്ലാഹുവിൽ നിന്ന് ലഭിക്കാത്തതുകൊണ്ടാണല്ലോ.

ഈസാനബി(അ)യുടെ മുത്തശ്ശിമാർ തേവിടിശ്ശികളാണെന്നും ആ രക്തത്തിലാണ് അദ്ദേഹം ജനിച്ചതെന്നും മാത്രമല്ല വിശുദ്ധ ക്വുർആൻ സത്യവിശ്വാസികൾക്ക് മാതൃകയായി പരിചയപ്പെടുത്തിയ ഈസാ നബിയുടെ മാതാവിനെ വിവാഹത്തിനുമുമ്പ് ഗർഭിണിയായവളെന്നും -നഊദു ബില്ലാഹ്- ഈസാ നബി മദ്യലഹരിയിൽ വേശ്യയുമായി സല്ലപിച്ചിരുന്നുവെന്നുമൊക്കെ കേട്ടാലറയ്ക്കുന്ന ആക്ഷേപങ്ങളുന്നയിച്ചത് മിർസാ ഖാദിയാനിയുടെ ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും. താൻ നിയോഗിച്ച ഒരു പ്രവാചകനെ ആക്ഷേപിച്ചുകൊണ്ട് മറ്റൊരു പ്രവാചകന് അല്ലാഹുവിൽനിന്ന് ദിവ്യബോധനം ലഭിക്കില്ലെന്നത് തീർച്ചയാണ്. ഈസാ മസീഹിനെ നിയോഗിച്ച അല്ലാഹുവല്ല ഈ സദൃശമസീഹ് വാദിയെ നിയോഗിച്ചതെന്നും ഇദ്ദേഹം തനിച്ച വ്യാജ പ്രവാചകനാണെന്നും തീർച്ച. ഈസാ നബിയെ ഇകഴ്ത്തുന്ന പരാമർശങ്ങളൊന്നും 'തദ്കിറ'യിൽ ഇടംപിടിച്ചതായി കാണുന്നില്ല.



അല്ലാഹുവിന്റെ ദൂതനായ മുഹമ്മദ് മുസ്ത്വഫ(സ്വ) അവന്റെ നിർദേശമനുസരിച്ചല്ലാതെ ഒന്നും സംസാരിച്ചിരുന്നില്ല എന്നാണ് വിശുദ്ധ ക്വുർആൻ അധ്യാപനം.

"അദ്ദേഹം സ്വേച്ഛാനുസൃതം പറയുകയല്ല; ഇത് അദ്ദേഹത്തിനു ലഭിക്കുന്ന ദിവ്യബോധനം തന്നെയാകുന്നു"(53:3,4).

അല്ലാഹു തനിക്കിഷ്ടപ്പെട്ട ദാസന്മാരെ തെരഞ്ഞെടുത്തു ജനങ്ങളെ നേർവഴി കാണിക്കനായി നിയോഗിക്കുകയും ദിവ്യബോധനം നൽകുകയുമാണ് ചെയ്തിരുന്നത്. അത് മുഹമ്മദ് നബി(സ്വ)യോടെ അവസാനിച്ചു എന്ന് വിശുദ്ധ ക്വുർആനിന്റെയും തിരുസുന്നത്തിന്റെയും അധ്യാപനത്തിലൂടെ നമുക്ക് ബോധ്യപ്പെട്ടതാണ്.

അന്ത്യപ്രവാചകന് ശേഷം പ്രവാചകത്വ വാദവുമായി രംഗത്ത് വന്ന മിർസാ ഗുലാം അഹ്മദ് തനിക്ക് അവതരിച്ചു എന്ന് അവകാശപ്പെടുന്ന വഹ്‌യുകളെയും ദർശനങ്ങളെയുമാണ് നാം ഇതുവരെ പഠനവിധേയമാക്കിയത്. പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റെ പക്കൽനിന്നു ലഭിച്ചതല്ല അവയൊന്നും എന്ന് യുക്തിപരമായും പ്രാമാണികമായും വായനക്കാർക്ക് ബോധ്യമായിട്ടുണ്ടാകുമെന്ന് കരുതുന്നു.

*(അവസാനിച്ചു)*

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

# ലോക്സഭാ തെരഞ്ഞെടുപ്പും സംഘ് കുതന്ത്രങ്ങളും

ലോക്സഭാ തെരഞ്ഞെടുപ്പ് ആസന്നമായതോടെ വർഗീയതയും വംശീയതയും അധികാര ദുർവിനിയോഗവും പരമാവധി ശക്തമാക്കിയിരിക്കുകയാണ് മോദിയും ബിജെപിയും. ജനപിന്തുണ നഷ്ടപ്പെട്ടു എന്നുറപ്പായതോടെ പാർലമെന്ററി ജനാധിപത്യത്തെ അട്ടിമറിച്ചും ഫെഡറലിസത്തെ തകർത്തും മൂന്നാമതും അധികാരം പിടിച്ചടക്കാനുള്ള തരംതാണ കളികളാണ് കുറച്ചുനാളുകളായി രാജ്യം കണ്ടുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ പത്തുവർഷത്തെ മോദി ഭരണത്തിന്റെ സംക്ഷിപ്തമായ വിലയിരുത്തൽ.

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടെ ബി.ജെ.പിയുടെയും സംഘ്പരിവാറിന്റെയും നെഞ്ചിടിപ്പ് വർധിച്ചുകൊണ്ടിരിക്കുകയാണ്. പത്തുവർഷത്തെ അധികാര ദുർവിനിയോഗത്തിലൂടെ സർവാധിപത്യത്തിന്റെ മത്തുപിടിച്ച മോദിയും സംഘവും മൂന്നാമതും അധികാരം പിടിച്ചടക്കാനുള്ള അവസാനക്കളികളിലാണ് ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. ജനാധിപത്യമൂല്യങ്ങൾ കാറ്റിൽ പറത്തിക്കൊണ്ടുള്ള അവരുടെ പ്രവർത്തനങ്ങൾ രാജ്യത്തിന്റെ അകത്തുള്ളവർ മാത്രമല്ല, വിദേശരാജ്യങ്ങൾ പോലും ചോദ്യം ചെയ്തുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് പതിനെട്ടാമത് ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള കളം ഒരുങ്ങിയിരിക്കുന്നത്. രാജ്യത്തിന്റെ മതനിരപേക്ഷ, സാമൂഹിക, സാമ്പത്തിക മേഖലകൾ മാത്രമല്ല, ഫെഡറൽ, ജുഡീഷ്യൽ, മീഡിയ മേഖലകളും മൗലികാവകാശങ്ങളും മനുഷ്യാവകാശങ്ങളും ചോദ്യചിഹ്നങ്ങളായിക്കൊണ്ടിരിക്കുകയാണ്. വെറുപ്പിന്റെ രാഷ്ട്രീയം ഇത്രയേറെ പ്രസരിച്ച ഒരു 'കെട്ടകാലം' ഇന്ത്യയിൽ ഇതിനു മുമ്പുണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ ജനങ്ങളാൽ ഏറെ വെറുക്കപ്പെട്ട ഒരു ഭര



ണകൂടം വീണ്ടും അധികാരത്തി നായി ശ്രമിക്കുമ്പോൾ അവരിൽ ഉൾഭയം ശക്തമാവുക സ്വാഭാ വികമാണ്. ബി.ജെ.പിയും കേന്ദ്ര സർക്കാരും ഇപ്പോൾ കാണിച്ചു കൊണ്ടിരിക്കുന്ന പെടാപാടുകൾ അധികാരത്തിനായുള്ള കുതിപ്പല്ല, മറിച്ച് അധികാരം നഷ്ടപ്പെടുന്നവ ന്റെ കിതപ്പ് മാത്രമാണ്.

### മൗലികാവകാശങ്ങൾ കുഴിച്ചുമൂടപ്പെടുന്നു

2014ൽ അധികാരത്തിലെ ത്തിയ നാളുതൊട്ട് ജനാധിപത്യ ഇന്ത്യയുടെ സൗന്ദര്യവും ജീവ വായുവുമായ മൗലികാവകാശങ്ങ ളിൽ ബി.ജെ.പി നടത്തിയ ലംഘന ങ്ങൾ വളരെയേറെയാണ്. ഇന്ത്യൻ ഭരണഘടനയിലെ 14 മുതൽ 18 വരെയുള്ള അനുച്ഛേ ദങ്ങൾ സമത്വം ഉൽഘോഷിക്കുന്നു. നിയമത്തിന് മു മ്പിലുള്ള സമത്വം (14), മതം, വർഗം, ജാതി, ലിംഗം, ജന്മസ്ഥലം എന്നിവ അടിസ്ഥാനമാക്കിയുള്ള വിവേ ചനങ്ങൾക്കുള്ള നിരോധനം (15), അവസരസമത്വം (16), അയിത്തോച്ചാടനം (17), പ്രത്യേക സ്ഥാനപ്പേരു കളുടെ നിരോധനം (18) എന്നീ വകുപ്പുകൾ നമ്മുടെ ഭരണഘടനയുടെ പ്രത്യേക സവിശേഷതകളാണ്.

എന്നാൽ മോദി അധികാരത്തിൽ വന്നതിനുശേ ഷം മതത്തിന്റെ പേരിലുള്ള അസമത്വം അതിന്റെ എല്ലാ പരിധിയും ലംഘിച്ചുകൊണ്ട് മുന്നോട്ട് കുതി ക്കുകയാണ്. ഹിന്ദുത്വത്തെ ഒരു മറയായി സ്വീകരി ച്ചുകൊണ്ട് ഭൂരിപക്ഷ സമുദായത്തെ പ്രീതിപ്പെടുത്തി വോട്ടുകളിൽ ധ്രുവീകരണം സൃഷ്ടിക്കാൻ ശ്രമിക്കു മ്പോളും ഹൈന്ദവ സഹോദരങ്ങളിലെ ഭൂരിപക്ഷ വും ദാരിദ്ര്യരേഖക്ക് താഴെയാണ് സ്ഥിതിചെയ്യുന്ന ത് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഏതൊരു

സമുദായത്തെ പ്രീണിപ്പിക്കാനാണോ ശ്രമിക്കുന്നത് ആ സമുദായത്തിൽ പോലും വളരെ വലിയ സാമ്പത്തിക അസമത്വം സൃഷ്ടിച്ചുകൊണ്ട് വമ്പൻമാർക്കുവേണ്ടി രാജ്യത്തിന്റെ സാമ്പത്തികവ്യവസ്ഥയെ അവർ തീറെഴുതിക്കൊടുത്തിരിക്കുകയാണ്.

### രാമക്ഷേത്ര രാഷ്ട്രീയവും ബാബരിയും

1992ൽ ഹിന്ദുത്വ തീവ്രവാദികളാൽ തകർക്കപ്പെട്ട ബാബരി മസ്ജിദിന് പകരം മറ്റൊരു മസ്ജിദും ഹിന്ദുത്വവാദികൾക്കുവേണ്ടി രാമക്ഷേത്രവും നിർമിച്ചുകൊടുക്കാൻ 2019ൽ സുപ്രീംകോടതി വിധിയുണ്ടായെങ്കിലും അവിടെയും വെറുപ്പിന്റെയും അസമത്വത്തിന്റെയും രാഷ്ട്രീയമാണ് ബി.ജെ.പി പയറ്റിയത്. ലോക്സഭാ തെരഞ്ഞെടുപ്പിനു മുമ്പ് ധൃതിപ്പെട്ട് രാമക്ഷേത്രം നിർമിക്കുകയും അതിന്റെ ഉദ്ഘാടനം ഹൈന്ദവ ആചാരങ്ങളെപ്പോലും ലംഘിച്ച് പ്രധാനമന്ത്രിതന്നെ നിർവഹിക്കുകയും ചെയ്തു. ഹിന്ദുക്കൾക്ക് അനുകൂലമെന്ന് തോന്നിപ്പിക്കുന്ന ഈ ക്ഷേത്ര നിർമാണത്തിന്റെ ഭാഗമായി ഭൂമി നഷ്ടപ്പെട്ട പരശ്ശതം ഹൈന്ദവ സാധുജനങ്ങളുണ്ടെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ക്ഷേത്രത്തിന്റെ ഉദ്ഘാടനത്തിനാവട്ടെ അംബാനിയടക്കമുള്ള വമ്പന്മാർ മാത്രം ക്ഷണിക്കപ്പെടുകയും ചെയ്തു.

തകർക്കപ്പെട്ട ബാബരി മസ്ജിദ് നിലനിന്നിരുന്ന സ്ഥലത്ത് നിർമിക്കപ്പെട്ട രാമക്ഷേത്രം ഉദ്ഘാടനം ചെയ്ത് മാസങ്ങൾ കഴിഞ്ഞിട്ടും മസ്ജിദിന്റെ നിർമാണം തുടങ്ങാനുള്ള പ്രക്രിയകൾ പോലും ആരംഭിച്ചിട്ടില്ല. അത്തരമൊരു മസ്ജിദ് മുസ്‌ലിംകൾക്ക് ലഭ്യമാവേണ്ട നീതിയാകുന്നില്ലെങ്കിൽ പോലും സുപ്രീം കോടതിയുടെ വിധി നടപ്പാക്കുമ്പോൾ അത് ഇരു വിഭാഗത്തിനും ഒരേസമയം ലഭ്യമാക്കിക്കൊണ്ടുള്ള സമത്വം പാലിക്കാൻ സർക്കാരിന് ബാധ്യതയുണ്ടായിരുന്നു.

### പൗരത്വ ഭേദഗതി നിയമം

മതം, ജാതി, വർഗം തുടങ്ങിയ എല്ലാ ഘടകങ്ങളിലും തുല്യനീതി ഉണ്ടായിരിക്കണമെന്നും സമത്വം പാലിക്കണമെന്നും ഭരണഘടന ഉദ്ഘോഷിക്കുമ്പോൾ അതിനെയും തട്ടിത്തെറിപ്പിക്കുകയാണ് പൗരത്വ ഭേദഗതി നിയമത്തിലൂടെ മോദി ചെയ്തിരിക്കുന്നത്. 2019ൽ ആവിഷ്കരിച്ച നിയമത്തിനെതിരെ ശക്തമായ പ്രക്ഷോഭം ഉണ്ടാവുകയും അത് സുപ്രീംകോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും ചെയ്തപ്പോൾ നിയമം തൽക്കാലം നടപ്പാക്കാതെ മരവിപ്പിച്ചു നിർത്തുകയായിരുന്നു. എന്നാൽ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടെ നിയമം നടപ്പാക്കിയതായി ഉത്തരവിട്ടിരിക്കുകയാണ് സർക്കാർ. മതത്തിന്റെ പേരിൽ പീഡനങ്ങൾക്ക് വിധേയരായ അയൽരാജ്യങ്ങളിൽനിന്നും കടന്നുവരുന്ന ഹിന്ദു, സിഖ്, ബുദ്ധ, ജൈന, പാർസി, ക്രിസ്ത്യൻ

> **മോദി അധികാരത്തിൽ വന്നതിനുശേഷം മതത്തിന്റെ പേരിലുള്ള അസമത്വം അതിന്റെ എല്ലാ പരിധിയും ലംഘിച്ചുകൊണ്ട് മുന്നോട്ട് കുതിക്കുകയാണ്. ഹിന്ദുത്വത്തെ ഒരു മറയായി സ്വീകരിച്ചുകൊണ്ട് ഭൂരിപക്ഷ സമുദായത്തെ പ്രീതിപ്പെടുത്തി വോട്ടുകളിൽ ധ്രുവീകരണം സൃഷ്ടിക്കാൻ ശ്രമിക്കുമ്പോളും ഹൈന്ദവ സഹോദരങ്ങളിലെ ഭൂരിപക്ഷവും ദാരിദ്ര്യരേഖക്ക് താഴെയാണ് സ്ഥിതിചെയ്യുന്നത് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഏതൊരു സമുദായത്തെ പ്രീണിപ്പിക്കാനാണോ ശ്രമിക്കുന്നത് ആ സമുദായത്തിൽ പോലും വളരെ വലിയ സാമ്പത്തിക അസമത്വം സൃഷ്ടിച്ചുകൊണ്ട് വമ്പൻമാർക്കുവേണ്ടി രാജ്യത്തിന്റെ സാമ്പത്തികവ്യവസ്ഥയെ അവർ തീറെഴുതിക്കൊടുത്തിരിക്കുകയാണ്.**

ജനവിഭാഗങ്ങൾക്ക് പൗരത്വം നൽകാമെന്ന് പറയുന്ന നിയമം പ്രത്യക്ഷത്തിൽ തന്നെ ഭരണഘടനാവിരുദ്ധമാണ്. ഭരണഘടനയുടെ 5 മുതൽ 11 വരെയുള്ള പൗരത്വവുമായി ബന്ധപ്പെട്ട അനുച്ഛേദങ്ങളിൽ ഒരിടത്തും മതം പൗരത്വത്തിനുള്ള ഉപാധിയായി പറയുന്നില്ല. കൃത്യമായ സമത്വം ഉറപ്പാക്കുന്ന ഭരണഘടനക്ക് കടകവിരുദ്ധമാണ് അസമത്വം ഉറപ്പാക്കുന്ന പുതിയ പൗരത്വ നിയമം എന്ന കാര്യത്തിൽ നിയമവിശാരദന്മാർക്കിടയിൽ രണ്ടഭിപ്രായമില്ല.

### മതസ്വാതന്ത്ര്യങ്ങളിലെ കൈകടത്തലുകൾ

ഭരണഘടനയുടെ 25 മുതൽ 30 വരെയുള്ള അനുച്ഛേദങ്ങൾ മതസ്വാതന്ത്ര്യവും ന്യൂനപക്ഷ അവകാശങ്ങളും ഉറപ്പുനൽകുന്നു. വിവിധ മതവിശ്വാസങ്ങളും സംസ്കാരങ്ങളും സജീവമായിട്ടുള്ള ഇന്ത്യയിലെ ജനങ്ങൾക്ക് അവരുടെ മതത്തിന്റെ അടിസ്ഥാനത്തിലുള്ള വിശ്വാസം, ആരാധനകൾ, ആചാരങ്ങൾ, വേഷവിധാനങ്ങൾ, ഭക്ഷണരീതികൾ, വിദ്യാഭ്യാസം എന്നിവ

സ്വീകരിക്കാനുള്ള അവകാശങ്ങളാണ് പ്രസ്തുത അനുച്ഛേദങ്ങൾ നൽകിയിട്ടുള്ളത്. എന്നാൽ മോദി അധികാരത്തിൽ വന്നശേഷം വിവിധ മതന്യൂനപക്ഷങ്ങളുടെ മതസ്വാതന്ത്ര്യത്തിനെതിരെ വർധിച്ചതോതിലുള്ള കടന്നാക്രമണങ്ങളാണ് ഉണ്ടായിട്ടുള്ളത്.

മുസ്‌ലിം സമുദായത്തിന്റെ അവകാശങ്ങൾക്കു നേരെയാണ് പ്രധാനമായും മോദിയും സർക്കാരും ലക്ഷ്യമിട്ടത്. മുത്വലാഖ് ക്രിമിനൽ കുറ്റമാക്കൽ, കർണാടക സർക്കാരിന്റെ ഹിജാബ് നിരോധനം, യു.പിയിലെ ബാങ്കുവിളി നിയന്ത്രണം, ഹലാൽ ഭക്ഷ്യവസ്തുക്കൾക്കുള്ള വില്പന നിയന്ത്രണം തുടങ്ങി നിരവധി നിയമങ്ങളാണ് കഴിഞ്ഞ പത്തുവർഷത്തിനിടയിൽ നടപ്പാക്കിയത്.

### ഏക സിവിൽകോഡിലേക്ക്?

വിവിധ മതങ്ങൾ സജീവമായി നിലനിൽക്കുന്ന വൈവിധ്യത്തിന്റെ രാജ്യമാണ് ഇന്ത്യ. വിവിധ മതങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശ്വാസങ്ങൾ, ആചാരങ്ങൾ, ആരാധനകൾ, വസ്ത്രരീതികൾ, ഭക്ഷണശീലങ്ങൾ എല്ലാമുള്ള രാജ്യത്ത് എല്ലാവർക്കും ഒരേ നിയമങ്ങൾ പ്രായോഗികമല്ല. ഹിന്ദു സമുദായത്തിലെ നിയമങ്ങൾ പോലും ക്രോഡീകരിക്കപ്പെടുകയോ ഏകീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. വിവിധ ജാതികളിലും വിശ്വാസധാരകളിലും വ്യത്യസ്ത ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണ് നിലനിൽക്കുന്നത്. ഓരോ വിഭാഗത്തിനും അവരുടെ ആചാരങ്ങൾ നിലനിർത്താനുള്ള അവകാശം മുകളിൽ സൂചിപ്പിച്ച ഭരണഘടനാ വകുപ്പുകൾ നല്കിയിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ ഏക സിവിൽ കോഡ് എന്ന ആശയം വൈവിധ്യത്തിനു പേരുകേട്ട ഇന്ത്യയിൽ ഒട്ടും പ്രായോഗികമല്ല. എന്നാൽ ബി.ജെ.പിക്കും മോദിക്കും ഇത് അറിയാഞ്ഞിട്ടല്ല. ലോക്സഭാ തെരഞ്ഞെടുപ്പു കഴിഞ്ഞ് പുതിയ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഏക സിവിൽകോഡ് നടപ്പാക്കുമെന്നാണ് മോദി പ്രഖ്യാപിച്ചിട്ടുള്ളത്. ഈ പ്രഖ്യാപനം പലവുരു ആവർത്തിച്ചിട്ടും അത് നടപ്പാക്കാൻ ഇതുവരെ സാധിക്കാതിരുന്നത് ഭരണഘടന ഉയർത്തിപ്പിടിച്ചിട്ടുള്ള മതനിരപേക്ഷ സമീപനം തന്നെയാണ്. ബി.ജെ.പി ഭരിക്കുന്ന ഉത്തരാഖണ്ഡിൽ അത് നടപ്പാക്കിയതായി അവർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പ്രായോഗിക കടമ്പകൾ ധാരാളമാണ് എന്ന് അവർ തിരിച്ചറിയാൻ പോകുന്നതേയുള്ളൂ.



### പെരുകുന്ന വംശീയ ഹത്യകൾ

2014 മുതൽ രാജ്യത്ത് വംശീയ ഹത്യകൾ വർധിച്ചിരിക്കുകയാണ്. മുസ്‌ലിം സമുദായത്തിനു നേരെ നേരത്തെ ആസൂത്രിതമായി നടന്നുവന്ന കലാപങ്ങൾക്കു പിന്നിൽ ആർ.എസ്.എസിന്റെ ഗൂഢാലോചനായിരുന്നുവെങ്കിൽ മോദി അധികാരത്തിൽ വന്നതോടെ അതിന് ഭരണകൂട പിന്തുണകൂടി ലഭിച്ചിരിക്കുകയാണ്. മുഹമ്മദ് അഖ്ലാക് സംഭവം മുതൽ എണ്ണിയാലൊടുങ്ങാത്ത മുസ്‌ലിം വംശീയ അതിക്രമങ്ങളാണ് രാജ്യത്ത് പലയിടങ്ങളിൽ സംഭവിച്ചത്. ആൾക്കൂട്ട അതിക്രമം (Mob lynching) എന്ന പേരിൽ അതിനെ ലഘൂകരിച്ച് കാണാനാണ് ശ്രമമുണ്ടായത്. അത് വംശീയ ഉന്മൂലനത്തിന്റെ (Ethnic cleansing) ഭാഗമാണെന്ന സത്യം രാജ്യത്തെ വിവിധ മീഡിയകൾ പുറത്തുകൊണ്ടുവന്നിട്ടുണ്ട്.

മുസ്‌ലിം വിരുദ്ധ വിദ്വേഷ പ്രസംഗങ്ങളുടെ ആധിക്യം, കുറ്റകൃത്യങ്ങൾക്ക് ശിക്ഷ നല്കാതിരിക്കൽ, പോലീസിന്റെ നിഷ്ക്രിയത്വം, ഹിന്ദുത്വ രാഷ്ട്രമെന്ന സ്വപ്നം തുടങ്ങി നിരവധി ഘടകങ്ങളാണ് മുസ്‌ലിം വേട്ട പെരുകാനുള്ള കാരണങ്ങൾ. 1948ലെ വംശഹത്യാ കൺവെൻഷനിൽ പങ്കെടുത്ത രാ

ഷ്ട്രമാണ് ഇന്ത്യ എങ്കിലും വംശഹത്യകളെ തടയാനുള്ള ശക്തമായ നിയമങ്ങൾ ഇതുവരെയും ആവിഷ്കരിച്ചിട്ടില്ല എന്നതും ഹിന്ദുത്വ ഭീകരരുടെ അഴിഞ്ഞാട്ടങ്ങൾക്ക് കാരണമായിട്ടുണ്ട്.

### ക്രിസ്ത്യാനികൾക്കെതിരെയുള്ള അതിക്രമങ്ങൾ

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കെതിരെയും ഈ കാലയളവിൽ ശക്തമായ പീഡനങ്ങളാണ് ഉണ്ടായിട്ടുള്ളത്. ബി.ജെ.പി ഭരിക്കുന്ന ഉത്തർപ്രദേശിലും മധ്യപ്രദേശിലുമായിരുന്നു ഏറ്റവും കൂടുതൽ. 2023ന്റെ ആദ്യപകുതിയിൽ മാത്രം വിവിധ സംസ്ഥാനങ്ങളിലായി നാനൂറിലധികം ക്രിസ്ത്യൻ വിരുദ്ധ അതിക്രമങ്ങൾ അരങ്ങേറിയതായി യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം നൽകിയ പരാതിയിൽ എടുത്തുപറയുന്നുണ്ട്. അതിൽ യോഗി ആദിത്യനാഥ് ഭരിക്കുന്ന ഉത്തർപ്രദേശിൽ മാത്രം 155 കേസുകളാണുള്ളത്.

മണിപ്പൂർ കലാപത്തിൽ നാനൂറോളം ക്രിസ്ത്യൻ പള്ളികളാണ് തകർക്കപ്പെട്ടത്. ഇരുനൂറിലധികം പേർക്ക് ജീവഹാനി സംഭവിച്ച കലാപത്തിൽ അയ്യായിരത്തോളം വീടുകൾ നശിപ്പിക്കപ്പെട്ടു. കലാപബാധിത പ്രദേശങ്ങൾ പോയി സന്ദർശിക്കാൻ പോലും രാജ്യത്തിന്റെ പ്രധാനമന്ത്രി തയ്യാറായില്ല എന്നത് കലാപത്തിന് ഭരണകൂടവുമായുള്ള ബന്ധം വ്യക്തമാക്കുന്നതാണ്.

### ദളിത്-ആദിവാസികൾക്കു നേരെയും

മുസ്‌ലിം, ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കെതിരെ മാത്രമല്ല, ഹൈന്ദവ ജനതയുടെതന്നെ ഭാഗമെന്ന് സംഘ്പരിവാർ ഉൽഘോഷിക്കുന്ന ദളിത്, ആദിവാസി സമൂഹങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളും വളരെ കൂടുതൽ വർധിച്ചിട്ടുള്ള കാലമാണ് മോദിയുടെ ഹിന്ദുത്വകാലം. മുൻ വർഷങ്ങളെക്കാൾ ശരാശരി 30 ശതമാനത്തോളം ദളിത്-ആദിവാസി അതിക്രമങ്ങൾ വർധിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഒരുഭാഗത്ത് ദളിതുകളുടെ വോട്ടുകൾ ശേഖരിക്കാൻ ശ്രമിക്കുമ്പോൾ മറുഭാഗത്ത് അവർക്കെതിരെ ശക്തമായ ആക്രമണങ്ങൾ അഴിച്ചുവിടുകയും ചെയ്യുന്നു. ഒരു ഹിന്ദുത്വരാഷ്ട്രത്തിൽ ദളിത്-ആദിവാസി സമൂഹങ്ങൾക്ക് യാതൊരു നീതിയും ലഭിക്കുകയില്ല എന്നതിന്റെ പ്രത്യക്ഷ ഉദാഹരണം കൂടിയാണിത്. ഡോ.ബി.ആർ.അംബേദ്കർ ഇക്കാര്യം നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഹിന്ദുത്വരാഷ്ട്രം ഒരു വസ്തുതയായി മാറുകയാണെങ്കിൽ രാജ്യത്തിന് അത് ഏറ്റവും വലിയ വിപത്തായിരിക്കുമെന്നാണ് അദ്ദേഹം എഴുതിയത്.

> മുസ്‌ലിം, ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കെതിരെ മാത്രമല്ല, ഹൈന്ദവ ജനതയുടെതന്നെ ഭാഗമെന്ന് സംഘ്പരിവാർ ഉൽഘോഷിക്കുന്ന ദളിത്, ആദിവാസി സമൂഹങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളും വളരെ കൂടുതൽ വർധിച്ചിട്ടുള്ള കാലമാണ് മോദിയുടെ ഹിന്ദുത്വകാലം. മുൻ വർഷങ്ങളെക്കാൾ ശരാശരി 30 ശതമാനത്തോളം ദളിത്-ആദിവാസി അതിക്രമങ്ങൾ വർധിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.



‘ഹിന്ദുത്വം സ്വാതന്ത്ര്യത്തിനും സമത്വത്തിനും സാഹോദര്യത്തിനും അപകടമാണെന്നതിൽ ഒരു സംശയവുമില്ല. അത് ജനാധിപത്യത്തിന്റെ ശത്രുവാണ്. ഹിന്ദുത്വരാഷ്ട്രം യാഥാർഥ്യമാകുന്നത് തടയാൻ നാം എല്ലാ ശ്രമങ്ങളും നടത്തണം’ (Dr. BR Ambedkar, Pakistan or The Partition of India, 1946, page 358).

### എതിർക്കുന്നവർക്ക് വിധി മരണം!

രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന മുസ്‌ലിം, ക്രിസ്ത്യൻ, ദളിത്, ആദിവാസി ആക്രമണങ്ങൾക്കെതിരെ ശബ്ദിച്ചവർ ഓരോരുത്തരും ഹിന്ദുത്വ ഭീകരരാൽ കൊല്ലപ്പെടുന്ന അവസ്ഥയാണ് പിന്നീടുണ്ടായത്. എം.എം.കുൽബുർഗി, ഗോവിന്ദ് പൻസാരെ, ഗൗരി ലങ്കേഷ്, നരേന്ദ്ര ദാഭോൽക്കർ തുടങ്ങിയ പേരുകൾ രാജ്യത്തിന് വിസ്മരിക്കാൻ സാധിക്കില്ല. സ്റ്റാൻ സ്വാമി

യുടെ കസ്റ്റഡി മരണവും സിദ്ദീഖ് കാപ്പന്റെ അറസ്റ്റും സംഘ്പരിവാറിന്റെ ഭീകരതയെ അനാവരണം ചെയ്യുന്ന സംഭവങ്ങളായിരുന്നു.

**ആരാധനാലയങ്ങൾക്കെതിരെ**

ബാബരി മസ്ജിദ് തകർത്തശേഷം മറ്റു നിരവധി ആരാധനാലയങ്ങൾക്കെതിരെയും രംഗത്തുവന്നിരിക്കുകയാണ് ഹിന്ദുത്വഭീകരർ. അവരുടെ അവകാശവാദങ്ങൾക്കും അതിന്റെ പേരിൽ അവർ നടത്തിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങൾക്കും കേന്ദ്ര സർക്കാർ കൂട്ടുനിൽക്കുന്ന കാഴ്ചയാണ് കഴിഞ്ഞ ഒരു വർഷമായി കണ്ടുകൊണ്ടിരിക്കുന്നത്. ബാബരി കേസിന്റെ വിധിന്യായം നടക്കുന്ന വേളയിൽ ഇനി മറ്റൊരു ആരാധനാലയത്തിനു മേലും തങ്ങൾ അവകാശവാദം ഉന്നയിക്കില്ലെന്ന് പറഞ്ഞവർ വിധി വന്നു മാസങ്ങൾ



കഴിഞ്ഞപ്പോഴേക്കും കാശി, മഥുര എന്നിവിടങ്ങളിലെ മസ്ജിദുകൾക്കുമേൽ അവകാശം പറഞ്ഞുതുടങ്ങി. വിധി വരുന്നതിന് മുമ്പുതന്നെ പള്ളികളുടെ കോമ്പൗണ്ടുകളിൽ കയറി പൂജ നടത്തിയും മറ്റും പ്രകോപനങ്ങൾ ഉണ്ടാക്കാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതോടൊപ്പം മുപ്പതിനായിരത്തോളം പള്ളികൾ (ക്രിസ്ത്യൻ പള്ളികളടക്കം) തങ്ങൾക്ക് അവകാശപ്പെട്ടതാണെന്നുള്ള വാദവും അവർ മുഴക്കിക്കഴിഞ്ഞു. 1991ലെ ആരാധനാലയ നിയമം മാത്രമാണ് ഇപ്പോൾ അവർക്ക് തടസ്സം. 1945 ആഗസ്ത് 15നു പള്ളി ആരുടെ കൈവശമാണോ അവർക്കാണ് അതിന്റെ ഉടമസ്ഥാവകാശമെന്നാണ് നിയമം പറയുന്നത്. ഈ നിയമം ഭേദഗതി ചെയ്യാനുള്ള തത്രപ്പാടിലാണ് ഇപ്പോൾ അവരുള്ളത്.

**ചരിത്രത്തിന്റെ അപനിർമിതി**

ഇന്ത്യാ മഹാരാജ്യത്തിന് ഒരു മഹത്തായ പാരമ്പര്യവും ചരിത്രവുമുണ്ട്. മുഗളന്മാർ അടക്കമുള്ള മുസ്‌ലിം ഭരണാധികാരികളും ഹിന്ദു രാജാക്കളും തുടങ്ങി വിവിധ ഭരണവാഴ്ചകൾ നമ്മുടെ ചരിത്രത്തിന്റെ ഭാഗമാണ്. അതിൽ തങ്ങൾക്കിഷ്ടമില്ലാത്തതെല്ലാം എടുത്തുമാറ്റുക എന്ന തീവ്രയത്നമാണ് ഇപ്പോൾ സംഘ്പരിവാർ ചെയ്തുകൊണ്ടിരിക്കുന്നത്. എൻ.സി.ഇ.ആർ.ടിയുടെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുക എന്ന പേരിൽ വിദ്യാർഥികൾ അറിഞ്ഞിരിക്കേണ്ട പല ചരിത്രങ്ങളും വെട്ടിമാറ്റിയിരിക്കുകയാണ്. രാജ്യചരിത്രത്തിന്റെ ഭാഗമായ താജ്മഹലും കുത്തബ് മിനാറും ചെങ്കോട്ടയുമെല്ലാം ചരിത്രത്തിൽനിന്നും പിഴുതെറിയപ്പെടുന്ന അവസ്ഥ സംജാതമായിരിക്കുന്നു. ഹിന്ദുത്വമെന്ന ഏകശിലാത്മക സംസ്കാരത്തിലേക്ക് രാജ്യത്തെ പിടിച്ചുവലിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇത്തരം വൃഥാവ്യായാമങ്ങൾ അവർ നടത്തിക്കൊണ്ടിരിക്കുന്നത്.

എന്നാൽ ചരിത്രത്തെ എങ്ങനെ വികലമാക്കാൻ ശ്രമിച്ചാലും ചരിത്രം അതിന്റെ ചരിത്രം പറയുകതന്നെ ചെയ്യുമെന്ന് മോദിയും കൂട്ടരും അറിയുന്നില്ല.

**ഫെഡറലിസത്തെ തകർക്കുക ലക്ഷ്യം**

വിവിധ സംസ്ഥാനങ്ങളിൽ വിവിധ പാർട്ടികൾ ഭരിക്കുന്നതാണ് സംഘപരിവാറിന്റെ ഏറ്റവും വലിയ തലവേദന. ബി.ജെ.പിയിതര സർക്കാരുകൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ തങ്ങളുടെ അജണ്ടകൾ നടപ്പാക്കാൻ അവർക്ക് സാധിക്കാതെ വരുന്നതുകൊണ്ട് ഫെഡറൽ സംവിധാനങ്ങളെ തകർത്ത് രാജ്യത്തെ ഒരു ഏകഭരണ സംവിധാനത്തിന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങൾ

അവർ നടത്തിക്കൊണ്ടിരിക്കുന്നു. കേരളമടക്കമുള്ള വിവിധ സംസ്ഥാനങ്ങളിൽ ഗവർണർമാരും സർക്കാരുകളും തമ്മിലുള്ള ഏറ്റുമുട്ടലുകൾ പതിവുകാഴ്ചയായി മാറിയിരിക്കുന്നു. ഭരണഘടനാപരമായ ബാധ്യതകൾ നിർവഹിക്കുന്നതിൽനിന്നും ഗവർണർമാർ മാറിനിൽക്കുന്നതിന്റെ പിന്നിൽ ആർ.എസ്.എസ് നയിക്കുന്ന ഗൂഢമായ അജണ്ടകളാണുള്ളത് എന്നത് വ്യക്തമാണ്.

ഭരണഘടനയുടെ 256 മുതലുള്ള അനുച്ഛേദങ്ങൾ കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ബന്ധങ്ങളെ കുറിച്ചാണ് വിവരിക്കുന്നത്. പ്രസ്തുത ബന്ധം ഉലയ്ക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങളാണ് കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാന മന്ത്രിസഭ പാസാക്കിയ ബില്ലുകൾ ഒപ്പുവെക്കാതിരിക്കുക എന്നത് ഭരണഘടനയോടുള്ള വെല്ലുവിളിയാണ്. ഇക്കാര്യമാണ് തമിഴ്നാട്ടിൽ മുഖ്യമന്ത്രി നിർദേശിച്ച ഒരു മന്ത്രിക്ക് സത്യവാചകം ചൊല്ലിക്കൊടുക്കാൻ ഗവർണർ വിസമ്മതം പ്രകടിപ്പിച്ചപ്പോൾ സുപ്രീംകോടതി ചൂണ്ടിക്കാട്ടിയത്. ഗവർണർക്ക് ശക്തമായ ശാസനയാണ് സുപ്രീം കോടതി നൽകിയത്.

കശ്മീരിന്റെ പ്രത്യക പദവി എടുത്തുകളഞ്ഞത് മറ്റൊരു ഉദാഹരണമാണ്. രാജ്യം സ്വാതന്ത്ര്യം നേടുമ്പോൾ ഓരോ ഭൂപ്രദേശത്തിനും ഓരോ സവിശേഷതകൾ ഉണ്ടായിരുന്നു. അതുമനസ്സിലാക്കി പ്രത്യേകമായ ചർച്ചകളിലൂടെയാണ് ഓരോ ഭൂപ്രദേശത്തിനും പ്രത്യേകം അവകാശങ്ങൾ നൽകിയത്. നാഗാലാൻഡ്, അസം, മണിപ്പൂർ, സിക്കിം, മിസോറാം, അരുണാചൽ പ്രദേശ്, ഗോവ, കർണാടക, ആന്ധ്രപ്രദേശ്, തെലങ്കാന, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങൾക്കും വിവിധ ഘട്ടങ്ങളിലായി പ്രത്യേക പദവികൾ നൽകിയിട്ടുണ്ട്. എന്നാൽ ജമ്മു കശ്മീരിന്റെ പദവി മാത്രം എടുത്തുകളയുന്നതിലൂടെ മോദിയും അമിത്ഷായും ലക്ഷ്യമാക്കിയത് വർഗീയമായ വേർതിരിവ് മാത്രമാണ്.

### പ്രതിപക്ഷ ശബ്ദം ഇല്ലാതാക്കൽ

നമ്മുടെ രാജ്യം ഒരു പാർലമെന്ററി ജനാധിപത്യത്തിലൂടെയാണ് കടന്നുപോവുന്നത്. അവിടെ ഭരണപക്ഷവും പ്രതിപക്ഷവും ആവശ്യമാണ്. ആരോഗ്യകരമായ സംവാദങ്ങളും അഭിപ്രായ രൂപീകരണങ്ങളും അനിവാര്യമാണ്. ഒരു ഘട്ടത്തിൽ കോൺഗ്രസ് മഹാഭൂരിപക്ഷത്തിൽ ഭരിച്ചുകൊണ്ടിരുന്നപ്പോഴും ന്യൂനപക്ഷ ശബ്ദങ്ങളെ പരിഗണിച്ചുകൊണ്ടായിരുന്നു അന്തിമ തീരുമാനങ്ങൾ എടുത്തിരുന്നത് എന്നത് ചരിത്രമാണ്. എന്നാൽ മോദി അധികാരമേറ്റെടുത്തതോടെ പ്രതിപക്ഷത്തുള്ള അംഗങ്ങളുടെ ശബ്ദം ഉയരാതിരിക്കാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തിവന്നത്. പ്രതിപക്ഷത്തെ ഏറ്റവും വലിയ നേതാവായ രാഹുൽ ഗാന്ധിയുടെ പാർലമെന്റ് അംഗത്വം റദ്ദാക്കുന്ന നടപടികൾ പോലുമുണ്ടായി. പാർലമെന്റിൽ ശബ്ദിച്ചു എന്നതിന്റെ പേരിൽ മാത്രം നൂറ്റി അമ്പതോളം എം.പിമാരെയാണ് സസ്പെൻഡ് ചെയ്തത്. ഇന്ത്യയുടെ പാർലമെന്റ് ചരിത്രത്തിൽ ഇന്നോളം അരങ്ങേറിയിട്ടില്ലാത്ത സംഭവമായിരുന്നു അത്.

**ഇലക്ടറൽ ബോണ്ട് വഴി സമ്പാദിച്ചുകൂട്ടിയ കോടികളുടെ കണക്കുകൾ ബി.ജെ.പിയെ വേട്ടയാടുന്നുണ്ടെങ്കിലും അതേക്കുറിച്ച് അന്വേഷിക്കാൻ തങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്ന ഭരണസംവിധാനങ്ങൾക്ക് സ്വാതന്ത്ര്യം നൽകാത്തതുകൊണ്ട് അതെല്ലാം മൂടിവെക്കാൻ സാധിക്കുന്നു. എൻഫോഴ്സ്മെന്റ് ഡയറക്റ്ററേറ്റും സി.ബി.ഐയും കസ്റ്റംസുമെല്ലാം പ്രതിപക്ഷത്തെ നേതാക്കൾക്കും പാർട്ടികൾക്കും മാത്രം ബാധകമാവുകയും തങ്ങളുടെ നേതാക്കൾ നടത്തിക്കൊണ്ടിരിക്കുന്ന അഴിമതികൾക്കെതിരെ കണ്ണുതുറക്കാൻ അവരെ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന ഒരുപോലെ അഴിമതിയിലും ഏകാധിപത്യത്തിലും മുങ്ങിക്കുളിച്ച ഒരു സർക്കാരാണ് ഇന്ന് ഇന്ത്യ ഭരിച്ചുകൊണ്ടിരിക്കുന്നത്.**

### ഭരണസംവിധാനങ്ങളുടെ ദുരുപയോഗം

പ്രധാന പ്രതിപക്ഷ പാർട്ടികളുടെ ബേങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുകയോ ഏറ്റെടുക്കുകയോ ചെയ്തുകൊണ്ട് പ്രതിപക്ഷത്തെ പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുക എന്ന ആഭാസകരമായ നടപടികൾ പോലും മോദീ ഭരണകൂടം എടുത്തുകൊണ്ടിരിക്കുന്നു. അതേസമയം തങ്ങളുടെ അക്കൗണ്ടുകളുടെ സുതാര്യത വ്യക്തമാക്കാൻ ഇതുവരെ ബി.ജെ.പി തയ്യാറാ

യിട്ടുമില്ല. ഇലക്ടറൽ ബോണ്ട് വഴി സമ്പാദിച്ചുകൂട്ടിയ കോടികളുടെ കണക്കുകൾ ബി.ജെ.പിയെ വേട്ടയാടുന്നുണ്ടെങ്കിലും അതേക്കുറിച്ച് അന്വേഷിക്കാൻ തങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്ന ഭരണസംവിധാനങ്ങൾക്ക് സ്വാതന്ത്ര്യം നൽകാത്തതുകൊണ്ട് അതെല്ലാം മൂടിവെക്കാൻ സാധിക്കുന്നു. എൻഫോഴ്സ്മെന്റ് ഡയറക്റ്ററേറ്റും സി.ബി.ഐയും കസ്റ്റംസുമെല്ലാം പ്രതിപക്ഷത്തെ നേതാക്കൾക്കും പാർട്ടികൾക്കും മാത്രം ബാധകമാവുകയും തങ്ങളുടെ നേതാക്കൾ നടത്തിക്കൊണ്ടിരിക്കുന്ന അഴിമതികൾക്കെതിരെ കണ്ണുതുറക്കാൻ അവരെ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന ഒരുപോലെ അഴിമതിയിലും ഏകാധിപത്യത്തിലും മുങ്ങിക്കുളിച്ച ഒരു സർക്കാരാണ് ഇന്ന് ഇന്ത്യ ഭരിച്ചുകൊണ്ടിരിക്കുന്നത്.




ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ അറസ്റ്റ് ഞെട്ടിപ്പിക്കുന്നതാണ്. പ്രതിപക്ഷ ശബ്ദങ്ങളെയില്ലാതാക്കാൻ ഏതറ്റം വരെയും പോകും എന്ന പ്രഖ്യാപനമാണ് ഇതിലൂടെ ബി.ജെ.പി നിർവഹിച്ചിരിക്കുന്നത്. തെരഞ്ഞെടുപ്പ് അടുത്ത നാളുകളിൽ ബി.ജെ.പി ചെയ്തുകൂട്ടിക്കൊണ്ടിരിക്കുന്ന കാര്യങ്ങൾ കണ്ടാൽ അവരുടെ നെഞ്ചിടിപ്പ് ബോധ്യമാകും. വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ വിജയിക്കാൻ സാധിച്ചില്ലെങ്കിൽ തങ്ങൾ പ്രതീക്ഷിക്കുന്ന 'ഹിന്ദുത്വ രാഷ്ട്രം' എന്ന സങ്കൽപ സ്വർഗം യാഥാർഥ്യമാകില്ലെന്ന് അവർക്കറിയാം.

### ഇൻഡ്യാ മുന്നണി എന്ന പ്രതീക്ഷ

ലോക്സഭാ തെരഞ്ഞെടുപ്പ് ഒരു വിളിപ്പാടകലെ എത്തിനിൽക്കുകയാണ്. 'ഇൻഡ്യാ' മുന്നണി രാജ്യത്തെ മതേതര വിശ്വാസികൾക്കും ന്യൂനപക്ഷങ്ങൾക്കും ഒരുപോലെ പ്രതീക്ഷയാണ്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ പരസ്പരം കൊമ്പുകോർത്തു മത്സരിച്ച മതനിരപേക്ഷ കക്ഷികളിൽ മിക്കതും ഇന്ന് കൈകോർത്ത് പിടിച്ചിരിക്കുകയാണ്. മതേതര വോട്ടുകൾ വിവിധ പെട്ടികളിൽ വീഴാതെ സൂക്ഷിച്ചാൽ മതേതര കക്ഷികൾ അടങ്ങുന്ന 'ഇൻഡ്യാ' മുന്നണിക്ക് വിജയം സുനിശ്ചിതമാണ്.

### വെള്ളിയാഴ്ചയിലെ തെരെഞ്ഞെടുപ്പ്

ചരിത്രത്തിലാദ്യമായി കേരളത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്നത് വെള്ളിയാഴ്ചയാണ്. കേരളത്തിലെ 27 ശതമാനത്തോളം വരുന്ന മുസ്‌ലിം സമുദായത്തിന്റെ പ്രാർഥനാദിവസമാണ് വെള്ളി എന്ന കാര്യം ഇലക്ഷൻ കമ്മീഷനും കേന്ദ്ര സർക്കാരിനുമെല്ലാം അറിയുന്ന കാര്യമാണ്. വെള്ളിയാഴ്ച തന്നെ തെരഞ്ഞെടുപ്പ് വെച്ചതിന്റെ പിന്നിൽ പ്രത്യേകം അജണ്ടകളുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ഈ വിഷയത്തിൽ മുസ്‌ലിംകളിൽനിന്നും ഒരു വൈകാരിക പ്രതികരണം ആരെങ്കിലും കാത്തിരിക്കുന്നുണ്ടെങ്കിൽ അവർക്കു തെറ്റി. അതിന്റെ പേരിൽ കേരളത്തിൽ ഒരു വർഗീയ ചേരിതിരിവ് ഉണ്ടാക്കി മുതലെടുപ്പ് നടത്താമെന്ന് ഏതെങ്കിലും പരിവാരങ്ങളും അവരുടെ കൂട്ടാളികളും കരുതുന്നുണ്ടെങ്കിൽ അവർ വിഡ്ഢികളുടെ സ്വർഗത്തിലാണ്. ഏത് പ്രതിസന്ധി ഘട്ടങ്ങളെയും തരണം ചെയ്ത് മുന്നോട്ടുപോകാനുള്ള കരുത്തും ആത്മധൈര്യവും മുസ്‌ലിം സമുദായത്തിനുണ്ട്.

രാജ്യത്തിന്റെ ഭാവി നിർണയിക്കുന്ന തെരഞ്ഞെടുപ്പിൽ പങ്കെടുക്കുക എന്നത് രാഷ്ട്ര പുനർനിർമാണ പ്രവർത്തനത്തിന്റെ ഭാഗമാണ്. അതിൽ മുസ്‌ലിം സമുദായം ഉപേക്ഷ വരുത്തുമെന്ന് ആരും കരുതേണ്ടതില്ല. ■

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ 02

# മദ്റസ പ്രസ്ഥാനത്തിനെതിരെ യാഥാസ്ഥിതികരുടെ പോരാട്ടം

പുതിയ മദ്റസയെക്കുറിച്ച് അന്വേഷിച്ച് പഠിക്കാൻ അന്നത്തെ പ്രഗത്ഭന്മാരായ പണ്ഡിതന്മാർ വാഴക്കാട്ടെത്തി. പരിശോധകർ മദ്റസയെക്കുറിച്ച് ആഴത്തിൽ പഠനം നടത്തി. കുട്ടികളെ പരിശോധിക്കുകയും സിലബസിനെക്കുറിച്ച് വിശദമായി മനസ്സിലാക്കുകയും ചെയ്തു. പരിശോധനക്കു ശേഷം പാഠപുസ്തകത്തിലോ സിലബസിലോ കുഴപ്പമൊന്നുമില്ലെന്ന് അവർ സമൂഹത്തോട് തുറന്നു പറഞ്ഞു. പണ്ഡിതരുടെ ഈ പ്രഖ്യാപനം പൗരോഹിത്യത്തെ ചൊടിപ്പിച്ചു. അത് സമ്മതിച്ചു കൊടുക്കാൻ പൗരോഹിത്യത്തിന് സാധിച്ചില്ല. തങ്ങളുടെ ശ്രമം പരാജയപ്പെട്ടപ്പോൾ വഖ്ഫ് സ്വത്തുക്കൾ മദ്റസകൾക്ക് ഉപയോഗപ്പെടുത്തുന്നത് അംഗീകരിക്കാനാവില്ല എന്ന പുതിയ വാദവുമായി അവർ മുന്നോട്ടു വന്നു.

വാഴക്കാട്ടുകാരനായിരുന്ന ഖാൻ ബഹദൂർ കൊയപ്പത്തൊടി മുഹമ്മദ് കുട്ടി അധികാരിയും ചെറുശ്ശേരി അഹ്മദ് കുട്ടി മുസ്‌ലിയാരും അക്കാലത്ത് വാഴക്കാട്ടെ തൻമിയ്യത്തുൽ ഉലും അറബിക്കോളേജ് നടത്തിവരികയായിരുന്നു. ഈ ഘട്ടത്തിൽ അവരുടെ കോളേജിൽ അധ്യാപകനായി ചുമതലയേറ്റെടുക്കാനായി കൊയപ്പത്തൊടിയും ചെറുശ്ശേരിയും ചാലിലകത്തിനോട് ആവശ്യപ്പെട്ടു. ഈ ആവശ്യം ചാലിലകത്ത് അംഗീകരിക്കുകയും തൻമിയ്യത്തുൽ ഉലും അറബിക്കോളേജിൽ പ്രധാനാധ്യാപകനായി ചേരുകയും ചെയ്തു. പിന്നീട് ഈ സ്ഥാപനം ദാറുൽ ഉലൂം അറബിക്കോളേജ് എന്ന് പുനർ നാമകരണം ചെയ്യപ്പെടുകയും അദ്ദേഹത്തിന്റെ കീഴിൽ ഏറെ പ്രസിദ്ധമാകുകയും ചെയ്തു.

തന്റെ ആഗ്രഹത്തിനനുസൃതമായി മതവിദ്യാഭ്യാസരംഗം മെച്ചപ്പെടുത്താൻ പര്യാപ്തമായ വേണ്ടത്ര അവസരങ്ങൾ ചാലിലകത്തിന് ലഭിച്ചിരുന്നില്ല. എങ്കിലും തന്റെ ഹിതത്തിനും ആഗ്രഹത്തിനും യോജിച്ചവിധം പഠനരീതി പരിഷ്കരിക്കാൻ ദാറുൽ ഉലൂമിന്റെ മാനേജറായ കൊയപ്പത്തൊടി



മുഹമ്മദ് കുട്ടി അധികാരി അദ്ദേഹത്തിനു പൂർണസ്വാതന്ത്ര്യം നൽകിയിരുന്നു.

എന്നാൽ അഹ്‌ലുസ്സുന്നയിൽനിന്നും അദ്ദേഹം പുറത്തുപോയിരിക്കുന്നു എന്ന് പ്രചരിപ്പിച്ച യാഥാസ്ഥിതിക പുരോഹിതന്മാർ ഈ പരിഷ്കരണങ്ങളെ സംശയദൃഷ്ടിയോടെ കണ്ടു. അതുകൊണ്ടുതന്നെ മദ്റസ പ്രസ്ഥാനം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള തന്റെ ശ്രമങ്ങളെല്ലാം തിരസ്കരിക്കപ്പെടുമോ എന്ന ചിന്ത ചാലിലകത്തിനെ അലട്ടിയിരുന്നു. ഈ ഘട്ടത്തിൽ ശൈഖുന അധികാരിയോട് ചോദിച്ചു: “നമ്മുടെ കേരളീയർക്ക് തികച്ചും അപരിചിതമായ ഒരു പദ്ധതിയാണ് നാം ആരംഭിക്കാൻ പോകുന്നത്. അത് പുറത്തുവരുമ്പോൾ കേരളത്തിലെ ഉലമാക്കളിൽനിന്ന് നാം ശക്തമായ എതിർപ്പുകൾ നേരിടേണ്ടിവന്നേക്കാം. അതിനെപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണ്?” ഇതിന് അദ്ദേഹം ഇപ്രകാരം മറുപടി നൽകി: “ചെലവു ചെയ്യുന്നത് ഞാനാണ്. പഠിപ്പിക്കുന്നത് താങ്കളും. പിന്നെ നാം എന്തിനാണ് മറ്റുള്ളവരുടെ ആക്ഷേപങ്ങളെ വകവെക്കണം?”[10]

ഈ മറുപടി ചാലിലകത്തിനെ സന്തോഷിപ്പിക്കുന്നതായിരുന്നു. പരിഷ്കരണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ ഇത് അദ്ദേഹത്തിന് ഊർജം നൽകി. തൽഫലമായി കുട്ടികൾക്ക് മതവിദ്യാഭ്യാസം നൽകുന്നതിന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പരിഷ്കൃതരീതിയിൽ മദ്റസകൾ സ്ഥാപിക്കാൻ അദ്ദേഹം മുന്നോട്ടുവന്നു. ബോർഡിൽ എഴുതുന്ന സമ്പ്രദായം മതപഠന മേഖലയിൽ ആദ്യം കൊണ്ടുവന്നത് മൗലാനാ ചാലിലകത്തായിരുന്നു. പലകമേൽ ചവിട്ടിക്കൊണ്ട് പാഠങ്ങളെഴുതിക്കൊടുത്ത് പഠിപ്പിക്കുന്ന രീതി മാറ്റാനാണ് അദ്ദേഹം ശ്രമിച്ചത്. 16 ഇഞ്ച് നീളവും 12 ഇഞ്ച് വീതിയുമുള്ള പലകക്ക് പകരം ‘തഅ്‌ലീമുൽ ഖുർആൻ’ എന്നൊരു പുസ്തകം എഴുതുകയും ബോർഡിൽ എഴുതിക്കൊടുത്ത് കുട്ടികളെ അറബി എഴുതാനും വായിക്കാനും അതോടൊപ്പം ഖുർആൻ അർഥസഹിതം പഠിപ്പിക്കാനും തുടങ്ങി. ഇതിനു പുറമെ ഈമാനും ഇസ്‌ലാമും അറബിഭാഷയും മറ്റു പ്രാഥമിക പാഠങ്ങളും മാതൃഭാഷയിൽ തന്നെ പഠിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ടാക്കുകയും ചെയ്തു. അങ്ങനെ പഠനരീതിയിൽ ഒരു സമൂല പരിവർത്തനം അദ്ദേഹം ഉണ്ടാക്കിത്തീർത്തു.



കൊയപ്പത്തൊടി മുഹമ്മദ് കുട്ടി അധികാരി നൽകിയ ശക്തമായ പിന്തുണയും പ്രഗത്ഭരായ തന്റെ ശിഷ്യഗണങ്ങളുടെ സഹകരണവും മതവിദ്യാഭ്യാസരംഗത്ത് വിപുലമായ മാറ്റങ്ങളുണ്ടാക്കാൻ ചാലിലകത്തിനെ സഹായിച്ചു. ഇ.കെ മൗലവി, കെ.എം.മൗലവി എന്നിവരോടൊപ്പം പി.കെ. മൂസ മൗലവി, പി.എൻ.മുഹമ്മദ് മൗലവി, ഇ.മൊയ്തു മൗലവി, സി.എ അബ്ദുറഹ്മാൻ ഹാജി തുടങ്ങിയ ശിഷ്യന്മാർ ചാലിലകത്തിനൊപ്പം നിലകൊണ്ടത് മദ്റസ പ്രസ്ഥാനം ജനകീയമാക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. അതോടെ മതവിദ്യാഭ്യാസരംഗത്ത് കേരളമൊട്ടാകെ ഒരു കൊടുങ്കാറ്റുതന്നെ ആഞ്ഞുവീശി. എന്നാൽ യാഥാസ്ഥിതിക പണ്ഡിതന്മാർ ഈ മാറ്റത്തിനെതിരെ ശക്തമായ പ്രചാരണങ്ങൾ അഴിച്ചുവിട്ടു. ബോർഡിൽ ഖുർആൻ

എഴുതുമ്പോൾ താഴെ വീഴുന്ന ചോക്കിൻപൊടി ചവിട്ടരുതെന്നും അത് ഖുർആനിനെ നിന്ദിക്കലായതിനാൽ ചോക്കുകൊണ്ട് ബോർഡിൽ എഴുതുന്നത് നിഷിദ്ധമാണെന്നും അവർ മതവിധി പുറപ്പെടുവിച്ചു. മാത്രമല്ല, വാഴക്കാട് ദാറുൽ ഉലൂം മദ്റസയിലെ പാഠപുസ്തകങ്ങൾ ഇസ്‌ലാമിക വിരുദ്ധമാണെന്ന് പ്രചരിപ്പിക്കാനും അവർ ശ്രമിച്ചുകൊണ്ടിരുന്നു. മതപഠനത്തിനുവേണ്ടി മാറ്റിവെച്ച വഖ്ഫ് സ്വത്തുക്കളിൽനിന്ന് മദ്റസക്കായി ചെലവഴിക്കാൻ പാടില്ല എന്ന് ചില പണ്ഡിതവിധികൾ എഴുതിക്കൊണ്ടുവന്നു സ്ഥാപനാധികാരികളെ കാണിക്കുകയും അവരുടെ അടുക്കൽ ചെന്ന് നിരന്തരം ദുർബോധനങ്ങൾ നൽകുകയും ചെയ്തു. അതുവഴി മദ്റസാ പരിഷ്കരണത്തിനായുള്ള ചാലിലകത്തിന്റെ എല്ലാ ശ്രമങ്ങളെയും പരാജയപ്പെടുത്താനുള്ള ശ്രമങ്ങളുമായി പൗരോഹിത്യം മുന്നോട്ടുപോയി.

'നമ്മുടെ പൂർവപിതാക്കൾ ഇങ്ങനെയൊന്നുമല്ല പഠിച്ചിരുന്നത്, അവർ മേശയും കസാലയും ബോർഡും ഉപയോഗിച്ചിട്ടില്ല, ഇവയെല്ലാം ഖിയാമത്തിന്റെ അലാമത്താണ്, അത്തരം മദ്റസകളുമായി സഹകരിക്കുന്നത് നമുക്ക് യോജിച്ചതല്ല...' എന്നിങ്ങനെ പ്രസംഗിച്ച് മദ്റസ പ്രസ്ഥാനത്തെ തകർക്കുവാനുള്ള ശ്രമങ്ങളിൽ അവർ വ്യാപൃതരായി. യാഥാസ്ഥിതിക പണ്ഡിതനും 'അരീക്കൽ ഓർ' എന്ന് ആളുകൾ ബഹുമാനപൂർവം വിളിക്കുന്നയാളുമായ മുയിപ്പോത്ത് അരീക്കൽ അമ്മദ് മുസ്‌ലിയാർ മദ്റസക്കെതിരെ ഒരു അറബി മലയാള ഗാനം തന്നെ രചിക്കുകയുണ്ടായി. അതിലെ ചില വരികൾ ഇപ്രകാരമായിരുന്നു:

> മദ്റസക്കു പണം ചെലവഴിക്കുന്നതിൽ പൗരോഹിത്യം കാണിച്ച തീക്ഷ്ണമായ എതിർപ്പുകൾക്കൊടുവിൽ അധികാരിക്ക് കീഴടങ്ങേണ്ടി വന്നു. അതുവരെ അദ്ദേഹം ചാലിലകത്തിന് നൽകിയ പിന്തുണ പിൻവലിച്ചു. ഗത്യന്തരമില്ലാതെ 1914ൽ ചാലിലകത്തിന് ദാറുൽ ഉലൂമിനോട് വിടപറയേണ്ടി വന്നു. അദ്ദേഹത്തെ അനുകൂലിക്കുകയും ശക്തമായ പിന്തുണ നൽകുകയും ചെയ്ത വിദ്യാർഥികളെല്ലാം ദാറുൽ ഉലൂം വിട്ടപ്പോൾ ഇ.കെ. മൗലവിയും ആ സ്ഥാപനത്തോട് യാത്ര പറഞ്ഞു.

'ഇബ്‌ലീസ് മദ്റസയിട്ടു ഫീ അർദില്ലാ
നാടാകെ ദീന് നടത്തി ലഅ്നതുല്ലാ
മീമുൻ ലി മദ്റസതിൻ വ മീമു ജഹന്നമീ...'

അല്ലാഹുവിന്റെ ഭൂമിയിൽ ഇബ്‌ലീസാണ് മദ്റസ സ്ഥാപിച്ചതെന്നും അത് അല്ലാഹുവിന്റെ ശാപത്തിന് കാരണമാണെന്നും മദ്റസ എന്ന പദത്തിലെ ആദ്യാക്ഷരമായ 'മീം' ജഹന്നം (നരകം) എന്ന വാക്കിലെ അവസാന അക്ഷരമാണെന്നും ഉദ്ഘോഷിച്ചുകൊണ്ട് മദ്റസകളെ പരിഹസിക്കുന്ന അരീക്കൽ അമ്മദ് മുസ്‌ലിയാരുടെ ഈ ഗാനം ആലപിച്ചുകൊണ്ട് പൗരോഹിത്യം മദ്റസകൾക്കെതിരെ ശക്തമായ പ്രചരണം അഴിച്ചുവിട്ടു. മദ്റസാപഠനം നരക പ്രവേശനത്തിന് കാരണമാകുമെന്ന് സമർഥിക്കാൻ ശ്രമിക്കുകയായിരുന്നു അവർ ഈ വരികളിലൂടെ ചെയ്തത്.

ഇത്തരം കള്ളപ്രചാരണങ്ങളെല്ലാം മദ്റസ മാനേജറായിരുന്ന അധികാരിയിൽ ചില മനംമാറ്റങ്ങളുണ്ടാക്കി. ഒരു ദിവസം മാനേജർ മൗലാനയെ സമീപിച്ച് മുസ്‌ലിയാക്കളുടെ ആവലാതികൾ ഉണർത്തി. അതിന് മൗലാന നൽകിയ മറുപടി ഇതായിരുന്നു: "വളരെ നിലയും വിലയുമുള്ള ആലിമുകളെ വരുത്തി അവരെക്കൊണ്ട് പാഠപുസ്തകങ്ങൾ പരിശോധിപ്പിക്കുകയും പഠിക്കുന്ന കുട്ടികളെ പരീക്ഷിക്കുകയും ചെയ്യാം. തെറ്റുണ്ടെങ്കിൽ നമുക്ക് ഈ സംരംഭം നിർത്താം. ഇല്ലെങ്കിൽ തുടരാം." മാനേജർ സമ്മതിച്ചു. പ്രമുഖ മതവിദ്യാഭ്യാസ കേന്ദ്രമായിരുന്ന പൊന്നാനിയിലെ, പണ്ഡിത സമൂഹത്തെക്കൊണ്ട് ചാലിലകത്തിന്റെ പരിഷ്കാരങ്ങളെ പരിശോധിപ്പിച്ച് അംഗീകാരം വാങ്ങിക്കാൻ സ്ഥാപനത്തിന്റെ മാനേജർ തീരുമാനിച്ചു. പുതിയ മദ്റസയെക്കുറിച്ച് അന്വേഷിച്ച് പഠിക്കാൻ അന്നത്തെ പ്രഗത്ഭന്മാരായ പണ്ഡിതന്മാർ വാഴക്കാട്ടെത്തി. പൊന്നാനി മഖ്ദൂം ചെറിയ ബാവ മുസ്‌ലിയാർ, പള്ളിപ്പുറം യൂസുഫ് മുസ്‌ലിയാർ, കട്ടിലശ്ശേരി ആലി മുസ്‌ലിയാർ, രായിൻ കുട്ടി മുസ്‌ലിയാർ തുടങ്ങിയവരായിരുന്നു പരിശോധനാസംഘ

ത്തിലുണ്ടായിരുന്നത്. പരിശോധകർ മദ്‌റസയെക്കുറിച്ച് ആഴത്തിൽ പഠനം നടത്തി. കുട്ടികളെ പരിശോധിക്കുകയും സിലബസിനെക്കുറിച്ച് വിശദമായി മനസ്സിലാക്കുകയും ചെയ്തു. പരിശോധനക്കുശേഷം പാഠപുസ്തകത്തിലോ സിലബസിലോ കുഴപ്പമൊന്നുമില്ലെന്ന് അവർ സമൂഹത്തോട് തുറന്നു പറഞ്ഞു. പണ്ഡിതരുടെ ഈ പ്രഖ്യാപനം പൗരോഹിത്യത്തെ ചൊടിപ്പിച്ചു. അത് സമ്മതിച്ചു കൊടുക്കാൻ പൗരോഹിത്യത്തിന് സാധിച്ചില്ല.

തങ്ങളുടെ ശ്രമം പരാജയപ്പെട്ടപ്പോൾ വഖ്ഫ് സ്വത്തുക്കൾ മദ്‌റസകൾക്ക് ഉപയോഗപ്പെടുത്തുന്നത് അംഗീകരിക്കാനാവില്ല എന്ന പുതിയ വാദവുമായി അവർ മുന്നോട്ടു വന്നു. ഇക്കാര്യത്തിൽ പരിശോധകരും പണ്ഡിതരും അധികാരിയും തമ്മിൽ വീണ്ടും ചർച്ച നടന്നു. ഈ ചർച്ചയിൽ പങ്കെടുക്കാൻ ചാലിലകത്ത് വാഴക്കാട്ടുണ്ടായിരുന്നില്ല. പകരം തന്റെ ശിഷ്യൻമാരായ ഇ.കെ.മൗലവിയും കെ.എം.മൗലവി, പി.കെ. മൂസ മൗലവി, പി.എൻ മുഹമ്മദ് മൗലവി, ഇ.മൊയ്തു മൗലവി, സി.എ. അബ്ദുറഹ്മാൻ ഹാജി തുടങ്ങിയവരുമാണ് ചർച്ചയിൽ പങ്കെടുത്തത്. എന്നാൽ ആ ചർച്ചകളൊന്നും തന്നെ ഫലം കണ്ടില്ല. മദ്‌റസക്ക് വേണ്ടി വഖ്ഫ് സ്വത്ത് ഉപയോഗിക്കുന്നതിന്റെ കാര്യത്തിൽ തങ്ങൾ നടത്തിയ അവസാനവട്ട ചർച്ചയുടെ അനന്തര ഫലം ആ ചർച്ചയിൽ പങ്കെടുത്ത ഇ.കെ.മൗലവി റിപ്പോർട്ട് ചെയ്തത് ഇങ്ങനെയാണ്:

"പ്രശസ്താതിഥികൾക്ക് അധികാരിയുടെ വസതിയായ മണ്ണിൽതൊടികയിൽ അന്ന് ഒരു സൽക്കാരം ഏർപ്പെടുത്തി. ശൈഖുന അതിൽ സംബന്ധിച്ചിരുന്നില്ല. വിചിത്രമെന്നു പറയട്ടെ, അവിടെവെച്ച് സമുദായ നായകരായ ആ ആലിമുകൾ ഇപ്രകാരം അഭി



പ്രായപ്പെട്ടു: 'നാം മദ്‌റസക്കായി വലിയ സംഖ്യ ചെലവു ചെയ്യുന്നു. ആസ്ഥിതിക്കു തർക്കത്തിലിരിക്കുന്ന ഒരു സ്ഥാപനത്തിന് ചെലവു ചെയ്യുന്നതിനെക്കാൾ തർക്കമില്ലാത്ത വിഷയത്തിൽ ചെലവഴിക്കുന്നതല്ലേ നല്ലത്?''[11]

മദ്‌റസക്കു പണം ചെലവഴിക്കുന്നതിൽ പൗരോഹിത്യം കാണിച്ച തീക്ഷ്ണമായ എതിർപ്പുകൾക്കൊടുവിൽ അധികാരിക്ക് കീഴടങ്ങേണ്ടി വന്നു. അതുവരെ അദ്ദേഹം ചാലിലകത്തിന് നൽകിയ പിന്തുണ പിൻവലിച്ചു. ഗത്യന്തരമില്ലാതെ 1914ൽ ചാലിലകത്തിന് ദാറുൽ ഉലൂമിനോട് വിടപറയേണ്ടി വന്നു. അദ്ദേഹത്തെ അനുകൂലിക്കുകയും ശക്തമായ പിന്തുണ നൽകുകയും ചെയ്ത വിദ്യാർഥികളെല്ലാം ദാറുൽ ഉലും വിട്ടപ്പോൾ ഇ.കെ. മൗലവിയും ആ സ്ഥാപനത്തോട് യാത്ര പറഞ്ഞു. 6 വർഷം മാത്രമാണ് ഇ.കെ മൗലവിക്ക് ചാലിലകത്തിനോടൊപ്പം ചെലവഴിക്കാൻ കഴിഞ്ഞത്. മദ്‌റസ പ്രസ്ഥാനം വിപുലീകരിക്കുന്നതിനു വേണ്ടി പല ശിഷ്യൻമാരെയും ചാലിലകത്ത് നാടിന്റെ വിവിധ ഭാഗങ്ങളിലേക്ക് അയച്ചിരുന്നു. വളപട്ടണത്ത് മൗലാനയുടെ പ്രതിനിധിയായി കെ.എം. മൗലവി സാഹിബിനെയും വടകരയിൽ പി.എൻ. മുഹമ്മദ് മൗലവിയെയും പുളിക്കൽ പി.പി. ഉണ്ണിമൊയ്തീൻ കുട്ടി മൗലവിയെയും കോട്ടുമ്മൽ സി.എ. അബ്ദുറഹ്മാൻ മൗലവിയെയുമാണ് നിശ്ചയിച്ചത്. നേരത്തെ മൗലാനയുടെ സമ്മത പ്രകാരം ഖുതുബി മുഹമ്മദ് മുസ്‌ല്യാർ പാനൂരിലും താമസമാക്കിയിരുന്നു. കുടുംബപരമായ ഉത്തരവാദിത്തമുള്ളതിനാൽ മറ്റെവിടെയും പോകാതെ ഇ.കെ.മൗലവി പാനൂരിൽതന്നെ താമസമാക്കുകയാണുണ്ടായത്. ഖുതുബി മുഹമ്മദ് മുസ്‌ലിയാരോടൊപ്പം ഇ.കെ.മൗലവി പാനൂർ ദർസിൽ പഠനം തുടർന്നു.

*അവലംബം:*
*10. ചന്ദ്രിക ആഴ്ച്ചപ്പതിപ്പ്, 1956 ഫെബ്രുവരി 4, ഉദ്ധരണം: അൽഇത്തിഹാദ്, 1955 ഏപ്രിൽ 1.*
*11. ഇ.കെ മൗലവി, കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാനം, അൽമുർശിദ് മലയാള മാസിക, 1966 ഒക്ടോബർ.*

*(തുടരും)*

തെസ്ന വീരാൻ

# നോമ്പോർമകളിലെ കണ്ണീർ മഴ

എന്റെ ആറാം ക്ലാസ്സിലെ നോമ്പുകാലത്തെ അവസാന നാളുകൾ. നോമ്പിന്റെ ക്ഷീണത്തിനു പുറമെ കിലോമീറ്ററുകളോളം പുറത്തെ ഭാരവും പേറിയാണ് സ്കൂൾ വിട്ടുവരുന്നത്. വഴിയിൽ വെച്ച് പെട്ടെന്നൊരു വയറുവേദന. കണ്ണുകളിൽ ഇരുട്ടുമൂടി. നിവരാൻ കഴിയാതെയായി. വന്ന ദൂരം ഇനിയും മുന്നിൽ. കുറച്ചപ്പുറത്തെ പള്ളിയിൽ കയറി അസ്ർ നമസ്കരിച്ചിട്ടാണ് വീട്ടിലെത്താറുള്ളത്. അതുവരെ എളാപ്പയുടെ മോളെ സഹായത്തിൽ എങ്ങനെയൊക്കെയോ നടന്നെത്തി.

കഴിയുംവിധം നമസ്കാരം പൂർത്തിയാക്കി. പള്ളിയിലെ ഹൗദിൽനിന്നും വെള്ളം കുടിച്ച് നോമ്പ് മുറിക്കേണ്ടിവന്നു. ഇനിയും നടക്കണം വീട്ടിലെത്താൻ. വീടിന്റെ ഉമ്മറംവരെ എത്തിയതേ ശരിക്ക് ഓർമയുള്ളൂ. നിലയ്ക്കാത്ത ഛർദി, നിവരാൻ കഴിയാത്ത വേദന, കണ്ണു തുറക്കാതെ ചുരുണ്ടു കൂടിക്കിടത്തം.

ഉപ്പ എന്നെയും തോളത്തു കിടത്തി റബർ തോട്ടത്തിലൂടെ ഓടുന്നതാണ് ഇടയിലെ ബോധത്തിൽ ഞാൻ അറിഞ്ഞത്. അപ്പോൾ മഗ്‌രിബ് ബാങ്ക് വിളിക്കുന്നുണ്ടായിരുന്നു. പാവം വെയിലത്ത് പണി കഴിഞ്ഞെത്തിയ ക്ഷീണം പോലും മറന്നിരിക്കുന്നു.

തൊട്ടടുത്ത ക്ലിനിക്ക്... വേദന കുറയാനുള്ള ഇഞ്ചക്ഷൻ... ഒടുക്കം അന്നുവരെ പോയിട്ടില്ലാത്ത വലിയൊരു ഹോസ്പിറ്റൽ...ടെസ്റ്റുകൾക്കൊടുവിൽ അപ്പെന്റിസൈറ്റിസ് ആണെന്ന് ഉറപ്പിച്ചു. ചെറുപ്രായമായതുകൊണ്ട് സർജറി ചെയ്യാതെതന്നെ രോഗം മാറ്റിയെടുക്കാം എന്ന് ഡോക്ടർ നിർദേശിച്ചു.

വൈകുന്നേരം ഏതാണ്ട് നാലര മണിക്ക് തുടങ്ങിയതാണ് പൊല്ലാപ്പ്. ഇപ്പോൾ രാത്രി എട്ടു മണിയോടടുത്തിരിക്കുന്നു. ഉമ്മയും ഉപ്പയും സ്കൂളിലെ ഒരു മാഷും കൂടെയുണ്ട്. വീട്ടിൽനിന്നും സ്വന്തം കാറുമായി ഞങ്ങളുടെ കൂടെ ഇറങ്ങിയതാണ് മാഷ്. നോമ്പുകാരായ ഉമ്മയും ഉപ്പയും ആ സമയംവരെ പച്ചവെള്ളം പോലും കുടിച്ചിട്ടില്ല. കുറെ ട്യൂബുകളിലും വേറെന്തൊക്കെയോ സംഭവങ്ങളിലും ഞാൻ തളയ്ക്കപ്പെട്ടിരിക്കുന്നു.

യാതൊരു ദാക്ഷിണ്യവുമില്ലാത്ത വേദന എന്നെ പാടെ തളർത്തി. നാലു ദിവസം പച്ചവെള്ളം പോലും നിഷിദ്ധം എന്ന് മറ്റൊരു വിധി. അപ്പോഴേക്കും ഉമ്മയുടെയും ഉപ്പയുടെയും നോമ്പും ഉറക്കനഷ്ടവും രണ്ടാം ദിവസത്തിലേക്ക് കടന്നിരിക്കുന്നു. ഇതൊന്നും അറിയാതെ ഞാനും. ഇടയ്ക്ക് കണ്ണു തുറക്കുമ്പോൾ മൂക്കിലെ ട്യൂബിലൂടെ എന്തൊക്കെയോ കാൽച്ചുവട്ടിലെ ബാഗിൽ വന്നു വീഴുന്നുണ്ടായിരുന്നു.

പിറ്റേന്ന് മൂത്തമ്മയുടെ മക്കൾ കൊണ്ടുവന്ന അത്താഴം ബാങ്കു കൊടുക്കുന്നതിനു മുമ്പ് അകത്താക്കുന്നതിനെക്കാൾ അവർക്ക് തിടുക്കം ഞാൻ ഉണരും മുമ്പ് കഴിച്ചു തീർക്കണം എന്നതിലായിരുന്നു. വെറും ഗ്ലൂക്കോസ് വെള്ളത്തിൽ നിലനിൽക്കുന്ന എന്റെ മുന്നിൽ വയറു നിറയ്ക്കാനുള്ള മനസ്സില്ലാത്തതുതന്നെ കാരണം.

പൈസ സംഘടിപ്പിക്കാൻ നാട്ടിൽ പോയതായിരുന്നു ഉപ്പ. പാവം എന്റെ ഉമ്മ! അറിയാതെ എന്റെ കാൽച്ചുവട്ടിലിരുന്ന് ഉറങ്ങിപ്പോയി. മയക്കത്തിൽ അറിയാതെ എന്റെ കയ്യിലെ ഗ്ലൂക്കോസ് ഡ്രിപ്പ് വേറിട്ടു പോയി. എന്റെ ശരീരത്തിലും ബെഡിലും നിറയെ രക്തം. ശരീരത്തിലെ ആകെയുള്ള ഇത്തിരി ചോരയിൽനിന്നും പകുതിയും വാർന്നുപോയിരിക്കുന്നു. ക്ഷീണത്തിലുള്ള ഉറക്കത്തിൽ ഒന്നും അറിയാതെ ഉമ്മയും...

പടച്ചോന്റെ കൃപകൊണ്ട് പെട്ടെന്ന് ഉണർന്ന ഉമ്മ രംഗം കണ്ട് അലറിവിളിച്ചു: 'പടച്ചോനേ, ന്റെ കുട്ടി...' ആ ശബ്ദം ഇപ്പോഴും എന്റെ കാതുകളിലുണ്ട്. ഓടി വന്ന നേഴ്സുമാർക്കു മുന്നിൽ കൈ കൂപ്പിക്കരയുന്ന ഉമ്മയെ പാതിതുറന്ന കണ്ണുകളാൽ ഞാൻ കണ്ടു. നിങ്ങളോട് ഉറങ്ങരുതെന്ന് പറഞ്ഞതല്ലേ എന്നു നേഴ്സ് ശകാരിക്കുമ്പോൾ ഉമ്മയുടെ കണ്ണുകൾ നിറഞ്ഞുകവിഞ്ഞു. കുറച്ചുകൂടി കഴിഞ്ഞിരുന്നെങ്കിൽ രക്തം വാർന്ന് മരിച്ചേനെ എന്നും പറഞ്ഞ് അവർ തിരിഞ്ഞു നടന്നു.

നോമ്പെടുത്തുകൊണ്ട്, ഒരു പോള കണ്ണടയ്ക്കാതെ എന്റെ ഉമ്മയും ഉപ്പയും എനിക്ക് കൂട്ടിരുന്നു. ഡിസ്ചാർജ് ചെയ്ത് നാലാം നിലയിൽനിന്നും ഇറങ്ങി വരുമ്പോൾ ആശുപത്രിയുടെ ഗ്ലാസിലൂടെ ഞാൻ എന്നെക്കണ്ടു. കുഴിഞ്ഞ കണ്ണുകളും ചീർത്ത ചുണ്ടും വരണ്ട തൊലിയും...

പെരുന്നാൾ ദിനത്തിൽ ആരോഗ്യമാകെ തകർന്ന അവസ്ഥയിൽ ആശുപത്രിയിൽനിന്നും തിരിച്ചു പോന്നത് നേരെ തറവാട്ടിലേക്കായിരുന്നു. എന്നെ ഞാൻ കണ്ട് ഞെട്ടിയതിലേറെ ഞെട്ടലോടെ എന്നെ കെട്ടിപ്പിടിച്ച് എന്റെ ഉമ്മമ്മ ഒരുപാട് കരഞ്ഞപ്പോഴാണ് സംഭവിച്ചതൊക്കെയും സ്വപ്നമല്ലെന്ന് ഉറപ്പിച്ചത്. ■





ലുക്വ്മാനുൽ ഹകീം അൽഹികമി

# ഈ റമദാനിൽ നാം മാറിയോ?

വിശുദ്ധ മാസത്തിലെ മൂന്നിൽ രണ്ടുഭാഗവും നമ്മോട് വിടപറഞ്ഞു. ഈ റമദാനിലെ കഴിഞ്ഞുപോയ ദിനരാത്രങ്ങൾ നമ്മുടെ ജീവിതത്തിലേക്ക് തുന്നിച്ചേർത്തപ്പോൾ പരലോകജീവിത വിജയത്തിനായി എന്താണ് നാം ബാക്കിയാക്കിയത്?

എത്ര ജമാഅത്ത് നമസ്കാരങ്ങൾ കിട്ടി?
എത്ര ദിവസം രാത്രിനമസ്കാരം നിർവഹിക്കാൻ സാധിച്ചു?
വിശുദ്ധ ക്വുർആനിലെ എത്ര പേജുകൾ പാരായണം ചെയ്തു?
ദിക്റുകൾ അധികരിപ്പിച്ചുവോ?
ദാനധർമങ്ങൾ കൂടുതലായി ചെയ്തുവോ?
എത്ര രോഗികളെ സന്ദർശിച്ചു?
ഇങ്ങനെയൊന്ന് ആലോചിച്ച് നോക്കൂ...!
എല്ലാറ്റിനും പോസിറ്റീവായ ഉത്തരം കിട്ടുന്നുണ്ടോ?
നമുക്ക് മാറ്റമുണ്ടായിട്ടുണ്ടോ?
കഴിഞ്ഞകാല ജീവിതത്തിൽനിന്ന്
ഈ റമദാൻ എന്ത് മാറ്റമാണുണ്ടാക്കിയത്?
മാറ്റമില്ലെങ്കിൽ ആലോചിക്കുക:
ഈ റമദാനിലെങ്കിലും നമുക്ക് സാധിക്കുമോ;
തക്വ്‌വ കൈവരിക്കാൻ,
ജമാഅത്ത് നമസ്കാരങ്ങൾ നഷ്ടപ്പെടാതിരിക്കാൻ,
രാത്രിനമസ്കാരം പതിവാക്കാൻ,
സ്വദക്വകളിൽ മത്സരിക്കാൻ,
ക്വുർആൻ പാരായണം പതിവാക്കാൻ,
രോഗികളെ സന്ദർശിക്കലും പാവങ്ങളെ
സഹായിക്കലും ജീവിതത്തിന്റെ ഭാഗമാക്കാൻ,
ദിക്റുകളും ദുആഉകളും
നിത്യജീവിതത്തിലേക്ക് കൊണ്ടുവരാൻ...?
നമുക്കതിന് സാധ്യമാകേണ്ടതുണ്ട്.
അതിനുള്ള സുവർണാവസരമാണ് റമദാനിലെ രാപകലുകൾ.
ഏതാനും ദിനങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്.
പരമാവധി ഉപയോഗപ്പെടുത്തുക.
സ്വയം വിചാരണ നടത്തി തിരുത്തേണ്ടിടത്ത്
തിരുത്തി മുന്നോട്ട് പോവുക.
കൂടുതൽ ആവേശത്തോടെ കർമനിരതരാവുക.

# സൂറ: സ്വാഫ്ഫാത്ത്

(മക്കയിൽ അവതരിച്ചത്)

അധ്യായം 37

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَٱلصَّٰٓفَّٰتِ صَفًّا ﴿١﴾

فَٱلزَّٰجِرَٰتِ زَجْرًا ﴿٢﴾

فَٱلتَّٰلِيَٰتِ ذِكْرًا ﴿٣﴾

إِنَّ إِلَٰهَكُمْ لَوَٰحِدٌ ﴿٤﴾

رَّبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا وَرَبُّ
ٱلْمَشَٰرِقِ ﴿٥﴾

إِنَّا زَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِزِينَةٍ ٱلْكَوَاكِبِ ﴿٦﴾

وَحِفْظًا مِّن كُلِّ شَيْطَٰنٍ مَّارِدٍ ﴿٧﴾

لَّا يَسَّمَّعُونَ إِلَى ٱلْمَلَإِ ٱلْأَعْلَىٰ وَيُقْذَفُونَ مِن كُلِّ
جَانِبٍ ﴿٨﴾

دُحُورًا ۖ وَلَهُمْ عَذَابٌ وَاصِبٌ ﴿٩﴾

إِلَّا مَنْ خَطِفَ ٱلْخَطْفَةَ فَأَتْبَعَهُۥ شِهَابٌ ثَاقِبٌ
﴿١٠﴾

1. ശരിക്ക് അണിനിരന്നു നിൽക്കുന്നവരും
2. എന്നിട്ട് ശക്തിയായി ഓടിക്കുന്നവരും
3. എന്നിട്ട് കീർത്തനം ചൊല്ലുന്നവരുമായ മലക്കുകളെതന്നെയാണ സത്യം;
4. തീർച്ചയായും നിങ്ങളുടെ ദൈവം ഏകൻ തന്നെയാകുന്നു.
5. അതെ, ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവും ഉദയസ്ഥാനങ്ങളുടെ രക്ഷിതാവും ആയിട്ടുള്ളവൻ.
6. തീർച്ചയായും അടുത്തുള്ള ആകാശത്തെ നാം നക്ഷത്രാലങ്കാരത്താൽ മോടിപിടിപ്പിച്ചിരിക്കുന്നു.
7. ധിക്കാരിയായ ഏതു പിശാചിൽനിന്നും (അതിനെ) സുരക്ഷിതമാക്കുകയും ചെയ്തിരിക്കുന്നു.
8. അത്യുന്നതമായ സമൂഹത്തിന്റെ നേരെ അവർക്ക് (പിശാചുക്കൾക്ക്) ചെവികൊടുത്തു കേൾക്കാനാവില്ല. എല്ലാവശത്തു നിന്നും അവർ എറിഞ്ഞ് ഓടിക്കപ്പെടുകയും ചെയ്യും;
9. ബഹിഷ്കൃതരായിക്കൊണ്ട്, അവർക്ക് ശാശ്വതമായ ശിക്ഷയുമുണ്ട്.
10. പക്ഷേ, ആരെങ്കിലും പെട്ടെന്ന് വല്ലതും റാഞ്ചിയെടുക്കുകയാണെങ്കിൽ തുളച്ചുകടക്കുന്ന ഒരു തീജ്വാല അവനെ പിന്തുടരുന്നതാണ്.

1. ഈ സൂറത്ത് അല്ലാഹു ആരംഭിക്കുന്നത് ശ്രേഷ്ഠരായ മലക്കുകൾ അവനെ ആരാധിക്കുന്ന സന്ദർഭത്തെയും തങ്ങളുടെ രക്ഷിതാവിന്റെ ദൈവികതയും അവന്റെ അനുമതിയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനെയും സത്യം ചെയ്തുകൊണ്ടാണ്. അല്ലാഹു പറയുന്നു: (ശരിക്ക് അണിനിരന്ന് നിൽക്കുന്നവരും) അവർ വരികളായി നിൽക്കുന്നു; തങ്ങളുടെ രക്ഷിതാവിന്റെ സേവനത്തിന്. ഇവരാണ് മലക്കുകൾ.

2. (എന്നിട്ട് ശക്തമായി ഓടിക്കുന്നവരും) മലക്കുകളാണിവർ. അല്ലാഹുവിന്റെ കൽപനയനുസരിച്ച് മേഘങ്ങളെ അവർ ഓടിക്കുന്നു.

3. (എന്നിട്ട് കീർത്തനം ചൊല്ലുന്നവരുമായ തന്നെയാണ് സത്യം) അല്ലാഹുവിന്റെ വചനം പാരായണം ചെയ്യുന്ന മലക്കുകളാണിവർ.

4. അവർ തങ്ങളുടെ രക്ഷിതാവിന്റെ ദൈവികതക്ക് കീഴ്പ്പെടുന്നവരായി അവനെ ആരാധിക്കുന്നവരും സേവനം ചെയ്യുന്നവരുമാണ്. ഒരു നിമിഷം പോലും അവർ അവനോട് അനുസരണക്കേട് കാണിക്കുന്നില്ല. തന്റെ ദൈവികതയ്ക്ക് അവൻ അവരെക്കൊണ്ട് സത്യം ചെയ്യുന്നു. (തീർച്ചയായും നിങ്ങളുടെ ആരാധ്യൻ ഏകനാണ്). ആരാധ്യതയിൽ അവന് പങ്കുകാരില്ല. അതിനാൽ, നിങ്ങളുടെ സ്നേഹവും ഭയവും പ്രതീക്ഷയും എല്ലാതരം ആരാധനകളും അവനു മാത്രം അർപ്പിക്കുക.

5. (അതെ, ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവും ഉദയസ്ഥാനങ്ങളുടെ രക്ഷിതാവും ആയിട്ടുള്ളവൻ) ഇവയുടെ സ്രഷ്ടാവ് അവനാണ്; അവയ്ക്ക് ഭക്ഷണം നൽകുന്നതും നിയന്ത്രിക്കുന്നതും. പരിപാലനത്തിൽ അവന് പങ്കുകാരില്ലാത്തപോലെ ആരാധ്യതയിലും അവന് പങ്കുകാരില്ല.




സൃഷ്ടികർതൃത്വത്തിലെ ഏകത്വവും ആരാധ്യതയിലെ ഏകത്വവും ധാരാളം സ്ഥലങ്ങളിൽ അല്ലാഹു ചേർത്തുപറയുന്നുണ്ട്. കാരണം, അത് പരസ്പരം തെളിവാണ്. മാത്രവുമല്ല, സൃഷ്ടികർതൃത്വത്തിലെ ഏകത്വം മുശ്രിക്കുകൾ അംഗീകരിച്ചിരുന്നു. ഇതംഗീകരിക്കുമ്പോൾ അവർ നിഷേധിക്കുന്നതും അംഗീകരിക്കേണ്ടിവരും.

6,7. ഉദയസ്ഥാനങ്ങളെ അല്ലാഹു പ്രത്യേകം പരാമർശിക്കുന്നു. കാരണം, അത് അസ്തമയ സ്ഥാനങ്ങളെ അറിയിക്കുന്നു. തുടർന്ന് പറയാൻ പോകുന്ന ഉദയ നക്ഷത്രങ്ങളാണവ.

(തീർച്ചയായും അടുത്തുള്ള ആകാശത്തെ നാം നക്ഷത്രാലങ്കാരത്താൽ മോടി പിടിപ്പിച്ചിരിക്കുന്നു. ധിക്കാരിയായ ഏതു പിശാചിൽനിന്നും (അതിനെ) സുരക്ഷിതമാക്കുകയും ചെയ്തിരിക്കുന്നു) നക്ഷത്രസമൂഹത്തിന്റെ നേരെ അവർക്ക് - പിശാചുക്കൾക്ക് - ചെവി കൊടുത്ത് കേൾക്കാനാവില്ല.

മഹത്തായ രണ്ട് പ്രയോജനങ്ങളാണ് നക്ഷത്രങ്ങളെക്കുറിച്ച് അല്ലാഹു പറഞ്ഞത്.

(ഒന്ന്). അവ ആകാശത്തിന് അലങ്കാരമാണ്. നക്ഷത്രങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ആകാശം പ്രകാശമില്ലാതെ ഇരുണ്ടതാകുമായിരുന്നു. എന്നാൽ അതിനെ മുഴുവൻ പ്രകാശമാനമാക്കാൻ അവനതിനെ അലങ്കരിച്ചിരിക്കുന്നു; അതിന്റെ രൂപം മനോഹരമാകാനും കരയിലെയും കടലിലെയും ഇരുട്ടിൽ നക്ഷത്രങ്ങൾ മുഖേന സഞ്ചരിക്കാനും. അവയിൽനിന്ന് മറ്റു പ്രയോജനങ്ങളുമുണ്ട്.

(രണ്ട്). ആകാശത്തിന്റെ സംരക്ഷണം. സർവ ധിക്കാരികളായ പിശാചുക്കളിൽനിന്നും. ഉപരിലോകത്തെ സംസാരം കട്ടുകേൾക്കുന്നതിലേക്കുവരെ എത്തി അവരുടെ ധിക്കാരം. മലക്കുകളാണ് ആകാവൽ. അവർ കേൾക്കാൻ ശ്രമിക്കുമ്പോൾ (എറിഞ്ഞ് ഓടിക്കപ്പെടും). തുളച്ചു ചെല്ലുന്ന ഉൽക്കകളെക്കൊണ്ട്. (എല്ലാ ഭാഗത്തുനിന്നും) അവരെ എറിയും. ഉന്നതലോകത്ത് പറയുന്നത് അവർ കേൾക്കാതിരിക്കാൻ.

9. (അവർക്ക് ശാശ്വതമായ ശിക്ഷയുമുണ്ട്) നിത്യമായതും അവർക്കായി തയ്യാറാക്കിയതും; അനുസരണക്കേടിന്റെയും ധിക്കാരത്തിന്റെയും ഫലമായി.

10. ഈ വചനത്തിൽ 'ഒഴികെ' എന്ന് അല്ലാഹു പ്രയോഗിച്ചിരിക്കുന്നു. അതില്ലെങ്കിൽ അവർ ഒരിക്കലും ഒന്നും കേൾക്കുന്നില്ലെന്നതിന് തെളിവാകും. അതിനാൽ അല്ലാഹു പറയുന്നു: (ആരെങ്കിലും പെട്ടെന്ന് റാഞ്ചിയെടുക്കുകയാണെങ്കിൽ അവനൊഴികെ) ധിക്കാരികളായ പിശാചുക്കളിൽ ചിലർ എടുക്കുന്നതല്ലാതെ രഹസ്യമായും പരസ്യമായും മോഷ്ടിച്ചും എടുക്കുന്ന ഒരു വാക്ക്. (അപ്പോൾ തുളച്ച് കടക്കുന്ന ഒരു തീജ്വാല അവനെ പിന്തുടരുന്നതാണ്) ചിലപ്പോൾ, അവനത് 'തന്റെ ആളുകളിലേക്ക്' എത്തിക്കാൻ കഴിയും മുമ്പ്. ആകാശവർത്തമാനം അപ്പോൾ നിലയ്ക്കും. ചിലപ്പോൾ അത് അറിയിക്കും; തീജ്വാല അവരെ പിടികൂടും മുമ്പ്. എന്നിട്ടവർ അതിന്റെ കൂടെ നൂറ് കളവുകൾ ചേർക്കും. അവർ കേട്ട ഒരു വചനത്തിന്റെ കൂടെ.

വിവ. അബ്ദുൽ ജബ്ബാർ മദീനി

# ഇഅ്തികാഫ് ഫിത്വ്ർ സകാത്ത്

ഇഅ്തികാഫ് നിയമമമാണെന്നതിലും സുന്നത്താണെന്നതിലും മുസ്‌ലിംകൾ ഏകോപിച്ചിരിക്കുന്നു. നേർച്ചനേരുക പോലെ ഒരാൾ തനിക്ക് ഇഅ്തികാഫിനെ നിർബന്ധമാക്കിയാലല്ലാതെ ഒരാളുടെമേലും അതു നിർബന്ധമാകില്ല. അപ്പോൾ, ഇഅ്തികാഫ് സുന്നത്താണെന്നത് വിശുദ്ധഖുർആൻ കൊണ്ടും തിരുസുന്നത്തുകൊണ്ടും ഇജ്മാഉകൊണ്ടും സ്ഥിരപ്പെട്ടു.

## ഇഅ്തികാഫ്: നിർവചനവും മതവിധിയും

*1. നിർവചനം:* ഒരു വസ്തുവിനെ വിടാതെ കൂടലും സ്വന്തത്തെ തടഞ്ഞിടലുമാണ് ഇഅ്തികാഫ് ഭാഷാപരമായി അർഥമാക്കുന്നത്. അല്ലാഹുവിനു വഴിപ്പെടുന്നതിനുവേണ്ടി വകതിരിവെത്തിയ ഒരു മുസ്‌ലിം പള്ളിയിൽ താമസിക്കുന്നതിനാണ് മതപരമായി ഇഅ്തികാഫ് എന്നു പറയുന്നത്.

*2. മതവിധി:* ഇഅ്തികാഫ് സുന്നത്തും അല്ലാഹുവിലേക്കടുക്കുവാനുള്ള പുണ്യകർമവുമാകുന്നു. അല്ലാഹു പറഞ്ഞു: "...ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്കും ഇഅ്തികാഫ് (ഭജനം) ഇരിക്കുന്നവർക്കും തലകുനിച്ചും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നവർക്കും വേണ്ടി എന്റെ ഭവനത്തെ നിങ്ങൾ ഇരുവരും ശുദ്ധമാക്കിവെക്കുക എന്നായിരുന്നു" (ഖുർആൻ 2:125). ഇഅ്തികാഫ് പൂർവസമുദായങ്ങളിൽവരെ നിയമമായിരുന്നുവെന്നതിന് ഈ ആയത്ത് തെളിവാകുന്നു.

അല്ലാഹു പറഞ്ഞു:"...എന്നാൽ നിങ്ങൾ പള്ളികളിൽ ഇഅ്തികാഫ് (ഭജനം) ഇരിക്കുമ്പോൾ അവരു (ഭാര്യമാരു)മായി സഹവസിക്കരുത്" (ഖുർആൻ 2:187).

ആഇശ(റ)യിൽനിന്നു വിവേദനം. അവർ പറഞ്ഞു:"അല്ലാഹു മരണത്തിലൂടെ തിരിച്ചുവിളിക്കുന്നതുവരെ റമദാനിലെ അവസാനത്തെ പത്തുനാളുകളിൽ തിരുനബി(സ്വ) ഇഅ്തികാഫിരിക്കുമായിരുന്നു."

ഇഅ്തികാഫ് നിയമമമാണെന്നതിലും സുന്നത്താണെന്നതിലും മുസ്‌ലിംകൾ ഏകോപിച്ചിരിക്കുന്നു. നേർച്ചനേരുക പോലെ ഒരാൾ തനിക്ക് ഇഅ്തികാഫിനെ നിർബന്ധമാക്കിയാലല്ലാതെ ഒരാളുടെമേലും അതു നിർബന്ധമാകില്ല. അപ്പോൾ, ഇഅ്തികാഫ് സുന്നത്താണെന്നത് വിശുദ്ധഖുർആൻ കൊണ്ടും തിരുസുന്നത്തുകൊണ്ടും ഇജ്മാഉകൊണ്ടും സ്ഥിരപ്പെട്ടു.

## ഇഅ്തികാഫിന്റെ നിബന്ധനകൾ

ശർത്ത്വുകളുള്ള ഒരു ആരാധനയാകുന്നു ഇഅ്തികാഫ്. അവ കൊണ്ടല്ലാതെ പ്രസ്തുത ആരാധന (ഇബാദത്ത്) ശരിയാവുകയില്ല. അവ താഴെ കൊടുക്കുന്നവയാണ്:

1. ഇഅ്തികാഫിരിക്കുന്നവൻ വകതിരിവെത്തിയ, പ്രായപൂർത്തിയായ, മുസ്‌ലിമായിരിക്കണം. അതിനാൽ കാഫിറിൽനിന്നും ഭ്രാന്തനിൽനിന്നും വകതിരിവെത്താത്ത കുട്ടിയിൽനിന്നും ഇഅ്തികാഫ് ശരിയാവുകയില്ല. എന്നാൽ പ്രായപൂർത്തിയാവുക, പുരുഷനായിരിക്കുക എന്നിവ നിബന്ധനയാക്കപ്പെടുകയില്ല. അതിനാൽ പ്രായപൂർത്തിയായിട്ടില്ലാത്തവനിൽനിന്ന് ഇഅ്തികാഫ് സാധുവാകും; അവൻ വകതിരിവുള്ളവനായാൽ. ഇതുപോലെ സ്ത്രീയിൽനിന്നും ഇഅ്തികാഫ് സാധുവാകും.

2.നിയ്യത്ത്: തിരുനബി(സ്വ) പറഞ്ഞു: "നിശ്ചയം, കർമങ്ങൾ നിയ്യത്തുകൾ(ഉദ്ദേശ്യങ്ങൾ) കൊണ്ടു മാത്രമാണ്..."

ആയതിനാൽ അല്ലാഹുവിനുള്ള ഇബാദത്തായും സാമീപ്യമായും ഇഅ്തികാഫിരിക്കുന്നവൻ പള്ളിയിൽ താമസിക്കുന്നതിനെ നിയ്യത്താക്കണം.

3. ഇഅ്തികാഫ് പള്ളിയിലായിരിക്കണം. അല്ലാഹു പറഞ്ഞു: "...എന്നാൽ നിങ്ങൾ പള്ളികളിൽ ഇഅ്തികാഫ് (ഭജനം) ഇരിക്കുമ്പോൾ..." (ഖുർആൻ 2:187).



തിരുനബി(സ്വ) പള്ളിയിൽ ഇഅ്തികാഫിരുന്നതിനാൽ തിരുചര്യയും അതിനു തെളിവാണ്. പള്ളിയല്ലാത്ത ഇടങ്ങളിൽ നബി(സ്വ) ഇഅ്തികാഫിരുന്നത് ഉദ്ധരിക്കപ്പെട്ടിട്ടില്ല.

4. ഇഅ്തികാഫിരിക്കുന്ന പള്ളി ജമാഅത്തു നമസ്കാരം നിർവഹിക്കപ്പെടുന്നതായിരിക്കണം. നിർബന്ധ നമസ്കാരം ഇടയിൽ വരുമാറ് ഇഅ്തികാഫിന്റെ സമയമുണ്ടാവുകയും ഇഅ്തികാഫിരിക്കുന്നവൻ ജമാഅത്തു നമസ്കാരം നിർബന്ധമുള്ളവനാവുകയും ചെയ്യുമ്പോഴാണത്. കാരണം, ജമാഅത്തു തനിക്കു നിർബന്ധമായിരിക്കെ ജമാഅത്തു നമസ്കാരം നിർവഹിക്കപ്പെടാത്ത പള്ളിയിൽ ഇഅ്തികാഫിരിക്കുന്നത് ജമാഅത്തുപേക്ഷിക്കലാണ്. അല്ലെങ്കിൽ, ഇഅ്തികാഫിരിക്കുന്നവന് എല്ലാ നമസ്കാര സമയങ്ങളിലും പുറത്തുപോകേണ്ടിവരുന്നു. ഇതാകട്ടെ ഇഅ്തികാഫിന്റെ ലക്ഷ്യത്തെ നിരാകരിക്കുന്നു. എന്നാൽ ഒരു സ്ത്രീയുടെ ഇഅ്തികാഫ്, ജമാഅത്ത് സംഘടിപ്പിക്കപ്പെട്ടാലും ഇല്ലെങ്കിലും എല്ലാ പള്ളികളിലും സാധുവാകും. സ്ത്രീയുടെ ഇഅ്തികാഫിനെ തുടർന്നു ഫിത്ന ഉടലെടുക്കുന്നില്ലെങ്കിലാണ് അവൾക്ക് ഇഅ്തികാഫ്. അതിനെ തുടർന്നു ഫിത്നയുണ്ടായാൽ അവൾ തടയപ്പെടണം. ഏറ്റവും ശ്രേഷ്ഠമായത് ഇഅ്തികാഫിരിക്കുന്ന പള്ളി ജുമുഅ നിർവഹിക്കപ്പെടുന്ന പള്ളിയായിരിക്കണമെന്നതാണ്. എന്നാൽ അത് ഇഅ്തികാഫിനു നിബന്ധനയല്ല.

5. വലിയ അശുദ്ധിയിൽനിന്നുള്ള ശുദ്ധി: ജനാബത്തുകാരൻ, ആർത്തവകാരി, പ്രസവരക്തമുള്ള സ്ത്രീ എന്നിവരുടെ ഇഅ്തികാഫ് സാധുവാകുകയില്ല; ഇക്കൂട്ടർ പള്ളിയിൽ തമാസിക്കുന്നത് അനുവദനീയമല്ലാത്തതിനാലാണത്.

എന്നാൽ ഇഅ്തികാഫിനു നോമ്പ് ശർത്വല്ല. ഇബ്നുഉമറി(റ)ൽനിന്നു നിവേദനം, ഉമർ(റ) പറഞ്ഞു: "അല്ലാഹുവിന്റെ തിരുദൂതരേ, ഞാൻ ജാഹിലിയ്യാകാലത്ത് മസ്ജിദുൽഹറാമിൽ ഒരു രാത്രികാലം ഇഅ്തികാഫിരിക്കുവാൻ നേർച്ചയാക്കി." തിരുനബി(സ്വ) പറഞ്ഞു: "താങ്കൾ താങ്കളുടെ നേർച്ച പൂർത്തിയാക്കുക." നോമ്പു നിബന്ധനയായിരുന്നുവെങ്കിൽ രാത്രികാലത്തുള്ള അദ്ദേഹത്തിന്റെ ഇഅ്തികാഫ് സാധുവാകുമായിരുന്നില്ല. കാരണം രാത്രിയിൽ നോമ്പില്ല. മാത്രവുമല്ല, അവ വേറിട്ട രണ്ടു ഇബാദത്തുകളാണ്. അതിനാൽ അവയിലൊന്ന് മറ്റൊന്നുണ്ടാകുവാൻ നിബന്ധനയാക്കപ്പെടുകയില്ല.

## ഇഅ്തികാഫിന്റെ സമയം, സുന്നത്തുകൾ, ഇഅ്തികാഫിരിക്കുന്നവന് അനുവദനീയമായ കാര്യങ്ങൾ

1. ഇഅ്തികാഫിന്റെ കാലവും സമയവും: കാലം കണക്കാക്കി പള്ളിയിൽ താമസിക്കുകയെന്നത് ഇഅ്തികാഫിന്റെ റുക്നാകുന്നു. പള്ളിയിൽ തങ്ങുകയെന്നതുണ്ടായിട്ടില്ലെങ്കിൽ ഇഅ്തികാഫുണ്ടാവുകയില്ല. ഇഅ്തികാഫിന്റെ ഏറ്റവും ചുരുങ്ങിയ കാലപരിധിയിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ശരിയായത് ഇഅ്തികാഫിന്റെ ഏറ്റവും ചുരുങ്ങിയ സമയത്തിനു പരിധിയില്ലായെന്നതാണ്. അതിനാൽ എത്ര കുറച്ചായാലും ഒരു നിർണിത സമയത്തിൽ ഇഅ്തികാഫ് ശരിയാകും. എന്നാൽ, ഏറ്റവും ശ്രേഷ്ഠത ഒരു രാവിനെക്കാൾ അല്ലെങ്കിൽ ഒരു പകലിനെക്കാൾ ഇഅ്തികാഫു കുറയരുതെന്നാ ണ്. കാരണം, തിരുനബിയിൽനിന്നും സ്വഹാബികളിൽ ഒരാളിൽനിന്നും അതിനെക്കാൾ കുറഞ്ഞ സമയം ഇഅ്തികാഫിരുന്നത് ഉദ്ധരിക്കപ്പെട്ടിട്ടില്ല.

ഇഅ്തികാഫിന്റെ സമയങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ സമയം റമദാനിലെ അവസാനത്തെ പത്തു ദിവസങ്ങളാണ്. ആഇശ(റ)യിൽ

നിന്നുള്ള, മുകളിൽ ഉദ്ധരിച്ച ഹദീസിൽ ഇപ്രകാരമുണ്ട്; അവർ പറഞ്ഞു: "അല്ലാഹു മരണത്തിലൂടെ തിരിച്ചുവിളിക്കുന്നതുവരെ റമദാനിലെ അവസാനത്തെ പത്തു നാളുകളിൽ തിരുനബി(സ്വ) ഇഅ്തികാഫിരിക്കുമായിരുന്നു."

ഇതല്ലാത്ത സമയത്ത് ഇഅ്തികാഫിരുന്നാലും അത് അനുവദനീയമാകുന്നു. എന്നാൽ ഏറ്റവും ഉചിതമായതിനും ഉത്തമമായതിനും അത് എതിരാകുന്നു.

വല്ലവനും റമദാനിലെ അവസാനത്തെ പത്തു ദിവസങ്ങളിൽ ഇഅ്തികാഫിനു നിയ്യത്തു ചെയ്താൽ അവൻ റമദാൻ ഇരുപത്തിയൊന്നിന്റെ പുലർച്ചയിൽ ഇഅ്തികാഫുദ്ദേശിക്കുന്ന പള്ളിയിൽ സ്വുബ്ഹി നമസ്കരിച്ച് ശേഷം തന്റെ ഇഅ്തികാഫിൽ പ്രവേശിക്കുക. റമദാനിലെ ഒടുവിലത്തെദിനം സൂര്യൻ അസ്തമിക്കുന്നതോടെ ഇഅ്തികാഫ് അവസാനിക്കുകയും ചെയ്യും.

2. ഇഅ്തികാഫിന്റെ സുന്നത്തുകൾ: തന്റെ സ്രഷ്ടാവിലേക്കു ദാസൻ ഒഴിഞ്ഞിരിക്കുകയും മറ്റു ബന്ധങ്ങൾ വിച്ഛേദിക്കുകയും ചെയ്യുന്ന ഒരു ഇബാദത്താകുന്നു ഇഅ്തികാഫ്. അതിനാൽ ഇഅ്തികാഫിരിക്കുന്നവൻ ഇബാദത്തിന് ഒഴിഞ്ഞിരിക്കൽ സുന്നത്താകുന്നു. അങ്ങനെ നമസ്കാരം, ദിക്ർ, ദുആഅ്, ക്വുർആൻ പാരായണം, തൗബ, ഇസ്തിഗ്ഫാർ പോലുള്ള, അല്ലാഹുവിലേക്കു സാമീപ്യമേകുന്ന പുണ്യങ്ങൾ അവൻ വർധിപ്പിക്കണം.

3. ഇഅ്തികാഫിരിക്കുന്നവന് അനുവദനീയമായ കാര്യങ്ങൾ: ഭക്ഷണ പാനീയങ്ങൾ കൊണ്ടെത്തിക്കുവാൻ ആളില്ലെങ്കിൽ അതിന്, മലമൂത്ര വിസർജനാവശ്യത്തിന്, അശുദ്ധിയുണ്ടായാൽ വുദൂഅ് ചെയ്യുവാൻ, വലിയ അശുദ്ധിയിൽനിന്നു ശുദ്ധിയാകുവാൻ പോലുള്ള അനിവാര്യമായ കാര്യങ്ങൾക്കുവേണ്ടി പള്ളിയിൽനിന്നു പുറത്തുപോകൽ അനുവദനീയമാകുന്നു.

> ഒരാൾ സ്വന്തത്തിനുവേണ്ടിയും താൻ നിർബന്ധമായും ചെലവുനൽകേണ്ട ഭാര്യ, അടുത്തബന്ധുക്കൾ പോലുള്ളവർക്കു വേണ്ടിയും ഇതു നൽകൽ നിർബന്ധമാണ്. പെരുന്നാളിന്റെ രാപകലുകളിൽ തന്റെ ഭക്ഷണവും താൻ നിർബന്ധമായും ചെലവുനൽകേണ്ടവരുടെ ഭക്ഷണവും തന്റെ നിർബന്ധ ആവശ്യങ്ങളും കഴിച്ച് ഫിത്വ്ർ സകാത്ത് നൽകുവാൻ മിച്ചമുള്ളവരുടെ മേലാണ് അത് നിർബന്ധമാവുക. അപ്പോൾ രണ്ടു നിബന്ധനകളാൽ മാത്രമാണ് ഫിത്വ്ർ സകാത്ത് നിർബന്ധമാവുക.

ഉപകാരപ്രദമായ വിഷയങ്ങളിൽ ജനങ്ങളോടു സംസാരിക്കലും അവരുടെ അവസ്ഥകൾ ചോദിച്ചറിയലും അനുവദനീയമാകുന്നു. എന്നാൽ ഉപകാരപ്രദമല്ലാത്തതും അനിവാര്യമല്ലാത്തതുമായ വിഷയങ്ങളിലുള്ള സംസാരം ഇഅ്തികാഫിന്റെ ഉദ്ദേശ്യത്തെയും അതു നിയമമാക്കിയതിലെ യുക്തിയെയും നിരാകരിക്കുന്നതാണ്.

കുടുംബക്കാർക്കും ബന്ധുക്കൾക്കും ഇഅ്തികാഫിരിക്കുന്നവനെ സന്ദർശിക്കലും അൽപസമയം അവനോടു സംസാരിച്ചിരിക്കലും സന്ദർശകരെ യാത്രയാക്കുവാൻ പള്ളിയിൽനിന്നു പുറത്തിറങ്ങലും അനുവദനീയമാണ്. സ്വഫിയ്യ(റ)യിൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്. അവർ പറഞ്ഞു: "തിരുനബി(സ്വ) ഇഅ്തികാഫിരിക്കുന്നവനായിരുന്നു. രാത്രിസമയം ഞാൻ തിരുമേനിയുടെ അടുക്കൽ ചെല്ലുകയും സംസാരിക്കുകയും ശേഷം ഞാൻ എഴുന്നേറ്റു തിരിച്ചുപോരുകയും ചെയ്തു. അപ്പോൾ തിരുമേനി എന്നെ വീട്ടിലേക്കു മടക്കിയയക്കുവാൻ എന്റെ കൂടെ എഴുന്നേറ്റു."

പള്ളിയുടെ വൃത്തിയും സുരക്ഷയും കാത്തുസൂക്ഷിച്ചുകൊണ്ട് ഇഅ്തികാഫിരിക്കുന്നവനു പള്ളിയിൽ ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കാവുന്നതും ഉറങ്ങാവുന്നതുമാണ്.

## ഇഅ്തികാഫിനെ അസാധുവാക്കുന്ന കാര്യങ്ങൾ.

താഴെ വരുന്ന കാര്യങ്ങൾ ഇഅ്തികാഫിനെ അസാധുവാക്കും:

1. അനാവശ്യമായി പള്ളിയിൽനിന്നു ബോധപൂർവം പുറത്തുപോകൽ; പുറത്തു പോകുന്ന സമയം കുറച്ചാണെങ്കിലും ശരി. ആഇശ(റ)യിൽ നിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: "തിരുനബി(സ്വ) ഇഅ്തികാഫിരിക്കുന്നവനായാൽ ആവശ്യത്തിനല്ലാതെ വീട്ടിൽ പ്രവേശിക്കുമായിരുന്നില്ല." ഇഅ്തികാഫിന്റെ റുക്നായ പള്ളിയിൽ താമസിക്കുക എന്നതിനെ പുറത്തുപോകൽ നഷ്ടപ്പെടുത്തും.

2. സംഭോഗം; അതു രാത്രിയിലാണെങ്കിലും അല്ലെങ്കിൽ പള്ളിക്കു പുറത്താണെങ്കിലും ശരി. അല്ലാഹു പറഞ്ഞു: "...എന്നാൽ നിങ്ങൾ പള്ളികളിൽ ഇഅ്തികാഫ് (ഭജനം) ഇരിക്കുമ്പോൾ അവരു(ഭാര്യമാരു)മായി സഹവസിക്കരുത്" (ക്വുർആൻ 2:187).

മുഷ്ടിമൈഥുനവും ഭാര്യാസംസർഗമില്ലെങ്കിലും ആശ്ലേഷണം പോലുള്ളതുകൊണ്ട് വികാരത്തോടെ ഇന്ദ്രിയസ്ഖലനമുണ്ടാക്കലും ഇതേ വിധിയിൽ പെടുന്നു.

3. ബുദ്ധി നഷ്ടപ്പെടൽ: ഭ്രാന്ത്, ലഹരിബാധ എന്നിവകൊണ്ട് ഇഅ്തികാഫ് നിഷ്ഫലമാകും. ഭ്രാന്തനും ലഹരിബാധിച്ചവനും ഇബാദത്തെടുക്കുവാൻ യോഗ്യരായവരുടെ ഗണത്തിൽനിന്ന് പുറത്തായതിനാലാണത്.

4. ആർത്തവരക്തവും പ്രസവരക്തവും: ആർത്തവകാരിക്കും പ്രസ

വരക്തമുള്ളവൾക്കും പള്ളിയിൽ താമസിക്കൽ അനുവദനീയമല്ലാത്തതിനാലാണത്.

5. രിദ്ദത്ത് അഥവാ മതപരിത്യാഗം. കാരണം അത് ഇബാദത്തെടുക്കുന്നതിനെ നിരാകരിക്കും. അല്ലാഹു പറഞ്ഞു: "(അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോകുകതന്നെ ചെയ്യും" (ക്വുർആൻ 39: 65).

## സകാത്തുൽഫിത്്വർ



റമദ്വാനിലെ അവസാനത്തെ നോമ്പുതുറ(ഫിത്്വർ)യോടെ നിർബന്ധമാകുന്നതിനാലാണ് ഇതിനു ഫിത്്വർ സകാത്ത് എന്നു പേരുവെക്കപ്പെട്ടത്. അതിനു സമ്പത്തുമായി യാതൊരു ബന്ധവുമില്ല. അത് ഉത്തരവാദിത്തവുമായി ബന്ധപ്പെട്ടതാണ്. അത് ആത്മാവിനും ശരീരത്തിനുമുള്ള സകാത്തുമാണ്.

### ഫിത്്വർ സകാത്തിന്റെ വിധിയും തെളിവും

ഓരോ മുസ്‌ലിമിന്റെ മേലും ഫിത്്വർ സകാത്ത് നിർബന്ധമാകുന്നു. ഇബ്നു ഉമറി(റ)ൽനിന്നു നിവേദനം, അദ്ദേഹം പറഞ്ഞു: "റമദാനിൽനിന്നു വിരമിക്കുമ്പോഴുള്ള സ്വദക്വയെ(ഫിത്്വർ സകാത്തിനെ) ഒരു സ്വാഅ് കാരക്കയായി അല്ലെങ്കിൽ ഒരു സ്വാഅ് ബാർലിയായി മുസ്‌ലിംകളിൽനിന്നുള്ള അടിമക്കും സ്വതന്ത്രനും പുരുഷനും സ്ത്രീക്കും ചെറിയവർക്കും വലിയവർക്കും അല്ലാഹുവിന്റെ തിരുദൂതർ നിർബന്ധമാക്കി."

### നിബന്ധനകളെന്ത്? ആർക്കാണു നിർബന്ധമാവുക?

മുസ്‌ലിമായ ഓരോ വലിയവനും ചെറിയവനും ആണിനും പെണ്ണിനും അടിമക്കും സ്വതന്ത്രനും ഫിത്്വർ സകാത്ത് നിർബന്ധമാകും. ഇബ്നു ഉമറി(റ)ൽനിന്നുള്ള ഉപരിസൂചിത ഹദീസാണ് അതിനുള്ള തെളിവ്.

ആത്മാവ് ഊതപ്പെട്ട, അഥവാ നാലുമാസം തികഞ്ഞ ഗർഭസ്ഥ ശിശുവിനു വേണ്ടി ഫിത്്വർ സകാത്ത് നൽകൽ പ്രതിഫലാർഹമാണ്. മുൻഗാമികൾ അത് ഗർഭസ്ഥശിശുവിനുവേണ്ടി നൽകാറുണ്ടായിരുന്നു. ഉസ്മാൻ ഇബ്നുഅഫ്ഫാനി(റ)ൽനിന്നും മറ്റും അപ്രകാരം സ്ഥിരപ്പെട്ടിട്ടുണ്ട്.

ഒരാൾ സ്വന്തത്തിനുവേണ്ടിയും താൻ നിർബന്ധമായും ചെലവു നൽകേണ്ട ഭാര്യ, അടുത്തബന്ധുക്കൾ പോലുള്ളവർക്കു വേണ്ടിയും ഇതു നൽകൽ നിർബന്ധമാണ്. പെരുന്നാളിന്റെ രാപകലുകളിൽ തന്റെ ഭക്ഷണവും താൻ നിർബന്ധമായും ചെലവുനൽകേണ്ടവരുടെ ഭക്ഷണവും തന്റെ നിർബന്ധ ആവശ്യങ്ങളും കഴിച്ച് ഫിത്്വർ സകാത്ത് നൽകുവാൻ മിച്ചമുള്ളവരുടെ മേലാണ് അത് നിർബന്ധമാവുക. അപ്പോൾ രണ്ടു നിബന്ധനകളാൽ മാത്രമാണ് ഫിത്്വർ സകാത്ത് നിർബന്ധമാവുക.

1. ഇസ്‌ലാം: അതിനാൽ അതു കാഫിറിന്റെമേൽ നിർബന്ധമില്ല.

2. പെരുന്നാളിന്റെ രാപകലുകളിൽ തന്റെയും തന്റെ കുടുംബത്തിന്റെയും ഭക്ഷണവും തന്റെ അടിസ്ഥാന ആവശ്യങ്ങളും കഴിച്ച് ഫിത്്വർ നൽകുവാൻ മിച്ചം കാണൽ.

### ഫിത്്വർ സകാത്തിലെ യുക്തികൾ

ഫിത്്വർ സകാത്ത് നിർബന്ധമാക്കിയതിലെ ഏതാനും ഹിക്മത്തുകൾ താഴെവരും വിധമാണ്.

1. നോമ്പുകാരനു ശുദ്ധി: തന്റെ നോമ്പിൽ സംഭവിച്ചിരിക്കാവുന്ന അനാവശ്യങ്ങളിൽനിന്നും അനാശാസ്യങ്ങളിൽനിന്നുമുള്ള ശുദ്ധീകരണം.

2. പെരുന്നാൾ സുദിനം യാചനയിൽനിന്ന് സാധുക്കളെയും ദരിദ്രന്മാരെയും ധന്യരാക്കലും അവരിൽ സന്തോഷം ജനിപ്പിക്കലും. പെരുന്നാൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും ദിനമാകുന്നതിനുവേണ്ടിയാണത്. ഇബ്നു അബ്ബാസി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: "അനാവശ്യ സംസാരങ്ങളിൽനിന്നും പ്രവൃത്തികളിൽനിന്നും നോമ്പുകാരനു ശുദ്ധീകരണമായിക്കൊണ്ടും സാധുക്കൾക്കു ഭക്ഷണമായിക്കൊണ്ടും അല്ലാഹുവിന്റെ റസൂൽ ഫിത്്വർ സകാത്ത് നിർബന്ധമാക്കി."

3. റമദാനിലെ നോമ്പും രാത്രി നമസ്കാരവും സൗകര്യപ്രദമായ സൽപ്രവൃത്തികളും പൂർണമാക്കുന്നതിലൂടെ ഒരു ദാസന് അല്ലാഹു അരുളിയ അനുഗ്രഹത്തിനു നന്ദി പ്രകാശിപ്പിക്കലാണ് സ്വകാത്തുൽ ഫിത്്വർ നൽകുന്നതിലുള്ളത്.

**നിർബന്ധ വിഹിതമെത്ര? ഏതാണു നൽകേണ്ടത്?**

ഗോതമ്പ്, ബാർലി, കാരക്ക, ഉണക്കമുന്തിരി, പാൽക്കട്ടി, അരി, ചോളം പോലുള്ള; നാട്ടുകാർ സർവസാധാരണമായി ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കളിൽനിന്ന് ഒരു സ്വാഅ് അളവാണ് ഫിത്വ്ർ സകാത്തിൽ നിർബന്ധമായത്. സ്വഹീഹായ ഹദീസുകളിൽ തിരുനബി(സ്വ)യിൽനിന്ന് ഇപ്രകാരം സ്ഥിരപ്പെട്ടിട്ടുണ്ട്. ഇബ്നു ഉമറിൽനിന്നുള്ള ഹദീസ് മുമ്പ് ഉണർത്തിയല്ലോ.

ഒരു വിഭാഗമാളുകളുടെ ഫിത്വ്ർ ഒരാൾക്കു നൽകലും ഒരാൾ തന്റെ ഫിത്വ്ർ ഒരു വിഭാഗമാളുകൾക്കു നൽകലും അനുവദനീയമാകുന്നു. ഭക്ഷണത്തിന്റെ കാശു നൽകൽ അനുവദനീയമല്ല. കാരണം, അത് നബി(സ്വ) കൽപിച്ചതിനും സ്വഹാബത്തിന്റെ നടപടിക്കും എതിരാകുന്നു. സ്വഹാബികൾ ഭക്ഷണ ത്തിൽനിന്ന് ഒരു സ്വാആയിരുന്നു നൽകിയിരുന്നത്. ഒരു നിർണിത വർഗത്തിൽ നിർബന്ധമാക്കപ്പെട്ട ഇബാദത്താകുന്നു സകാതുൽഫിത്വ്ർ. ഭക്ഷണമാകുന്നു ആ നിർണിത വർഗം. അതിൽനിന്നല്ലാതെ ഫിത്വ്ർ നൽകൽ അനുവദനീയമാവുകയില്ല.

**നിർബന്ധമാകുന്ന സമയം; നൽകുന്നതിന്റെയും**

പെരുന്നാൾ ദിനം രാവിലെ സൂര്യാസ്തമയത്തോടെ ഫിത്വ്ർ സകാത്ത് നിർബന്ധമാകും. കാരണം ആ സമയമാകുന്നു റമദാനിലെ അവസാനത്തെ നോമ്പുതുറയുടെ സമയം. ഫിത്വ്ർ സകാത്തു നൽകുവാൻ രണ്ടു സമയങ്ങളുണ്ട്; നൽകേണ്ടതും ഉത്തമവുമായ സമയവും അനുവദനീയമായ സമയവും.

പെരുന്നാൾ ദിവസം ഫജ്ർ ഉദിച്ചതുമുതൽ പെരുന്നാൾ നമസ്കാരത്തിന്റെ തൊട്ടുമുമ്പുവരെയുള്ള സമയമാകുന്നു ഉത്തമമായ സമയം. ഇബ്നുഉമറി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: "ജനങ്ങൾ പെരുന്നാൾ നമസ്കാരത്തിനു പുറപ്പെടുന്നതിനു മുമ്പ് ഫിത്വ്ർ സകാത്ത് നൽകുവാൻ തിരുനബി(സ്വ) കൽപിച്ചു."

പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിവസങ്ങൾക്കു മുമ്പ് നൽകലാകുന്നു അനുവദനീയമായ സമയം. ഇബ്നു ഉമറും മറ്റു സ്വഹാബികളും അപ്രകാരം ചെയ്തിട്ടുണ്ട്. പെരുന്നാൾ നമസ്കാരം കഴിയുംവരെ ഫിത്വ്ർ സകാത്ത് പിന്തിപ്പിക്കൽ അനുവദനീയമല്ല. അങ്ങനെ പിന്തിപ്പിച്ചാൽ അത് ഒരു സ്വദക്വ (ദാനം) മാത്രമായിരിക്കും. പിന്തിപ്പിച്ചതിൽ അയാൾ കുറ്റക്കാരനായിരി ക്കുകയും ചെയ്യും. തിരുനബി(സ്വ) പറഞ്ഞു: "വല്ലവനും നമസ്കാരത്തിനു മുമ്പ് ഫിത്വ്ർ സകാത്ത് നൽകിയാൽ അതു സ്വീകരിക്കപ്പെടുന്ന സകാത്താണ്. വല്ലവനും നമസ്കാര ശേഷമാണ് അത് നൽകന്നതെങ്കിൽ അതു സ്വദക്വകളിലൊന്നു മാത്രം."

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥത്തിൽനിന്നുമെടുത്തത്)*

ഇസ്‌ലാം ദൈവിക മതമാണ്. ഏക ദൈവാരാധനയാണ് അതിന്റെ അടിത്തറ. ആരാധനയുടെ മുഴുവൻ കാര്യങ്ങളും പ്രപഞ്ചനാഥനായ അല്ലാഹുവിന് സമർപ്പിക്കുന്നതിലൂടെ ഒരാൾക്ക് മുസ്‌ലിമായി തീരുവാൻ സാധിക്കും. ഇസ്‌ലാമിന്റെ പൂർത്തീകരണം മുഹമ്മദ് നബി(സ്വ)യിലൂടെയാണ് നടന്നത്. ഇനി അവസാനനാൾ വരെയുള്ള മുഴുവൻ മനുഷ്യരും ജീവിക്കേണ്ടത് മുഹമ്മദ് നബി(സ്വ)യിലൂടെ പൂർത്തീകരിക്കപ്പെട്ട ഇസ്‌ലാമിക നിയമങ്ങൾക്കനുസരിച്ചാണ്. അതിന്റെ പ്രമാണങ്ങളാണ് വിശുദ്ധ ക്വുർആനും തിരുസുന്നത്തും.

ഇസ്‌ലാമിന്റെ അടിത്തറ ഏകദൈവാരാധനയാണെന്ന് പറഞ്ഞുവല്ലോ. അതാണ് തൗഹീദ്. മുഴുവൻ പ്രവാചകന്മാരും പഠിപ്പിച്ച അടിസ്ഥാനപരമായ കാര്യം. അവസാനത്തെ പ്രവാചകനായ മുഹമ്മദ്(സ്വ)യും മക്കയിൽ പതിമൂന്ന് വർഷം വളരെ പ്രയാസങ്ങൾ സഹിച്ച്, പീഡനങ്ങൾ അനുഭവിച്ച് തൗഹീദിലേക്ക് തന്റെ ജനതയെ ക്ഷണിച്ചു, പക്ഷേ, ജങ്ങൾ അദ്ദേഹത്തിന് പകരം നൽകിയത് അക്രമവും ശകാരവും ആക്ഷേപവും പരിഹാസവുമായിരുന്നു. ശത്രുക്കൾ പീഡനങ്ങൾകൊണ്ടും പ്രീണനങ്ങൾകൊണ്ടും അദ്ദേഹത്തെ അതിൽനിന്ന് പിന്തിരിപ്പിക്കുവാൻ പരമാവധി ശ്രമിച്ചു. പക്ഷേ, അതെല്ലാം സഹിച്ച് തന്റെ ദൗത്യവുമായി മുന്നോട്ട് പോയി. അവസാനം പ്രവാചകൻ(സ്വ) സ്വന്തം ജന്മനാട് ഉപേക്ഷിക്കുവാൻ അല്ലാഹുവിന്റെ അനുമതിയോടെ തീരുമാനിച്ചു. അങ്ങനെ സുപ്രധാനമായ ഹിജ്റ (മക്കയിൽ നിന്നും മദീനയിലേക്കുള്ള പലായനം) സംഭവിച്ചു. ശേഷം അല്ലാഹു തന്നിൽ ഏൽപിച്ച ഉത്തരവാദിത്ത നിർവഹണവുമായി നബി(സ്വ) മദീനയിൽ കഴിഞ്ഞുകൂടി.

**യുദ്ധത്തിനുള്ള കാരണം**

മക്കക്കാർ ശാമിലേക്ക് കച്ചവടത്തിനായി പോകാറുണ്ട്. ഒരിക്കൽ അവർ കച്ചവടം കഴിഞ്ഞ് ലാഭവുമായി മടങ്ങിവരുന്ന സമയമായപ്പോൾ പ്രവാചകൻ(സ്വ) ത്വൽഹതുബ്നു ഉബൈദില്ലാഹ്(റ), സഈദ്ബ്നു സൈദ്(റ) എന്നിവരെ കച്ചവട സംഘത്തെ നിരീക്ഷിക്കുവാനായി നിയോഗിച്ചു. അങ്ങനെ

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
: 98467 97157

തൗഹീദിന്റെ മാർഗത്തിലാണ് നബിയും സ്വഹാബത്തും മുശ്‌രിക്കുകളോട് പടവെട്ടിയത്. അതുകൊണ്ട് തന്നെ ബദ്‌രീങ്ങളോട് സ്നേഹമുള്ളവർ ബദ്ർ മൗലൂദ് കഴിക്കുകയല്ല വേണ്ടത്, മറിച്ച് അവർ ഏതൊരു ആദർശമാണോ സ്വീകരിച്ചത് ആ ആദർശം സ്വീകരിക്കുകയും ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വിപത്തുകളും അഭിമുഖീകരിച്ചപ്പോൾ ആരോടായിരുന്നോ അവർ പ്രാർഥിച്ചിരുന്നത് അവനോട് മാത്രം പ്രാർഥിക്കുകയുമാണ് വേണ്ടത്.

# ബദ്റും ബദ്‌രീങ്ങളും പിന്നെ ബദ്ർ മാലയും



അബൂസുഫ്‌യാൻ കച്ചവട സംഘവുമായി മടങ്ങിവരുന്നത് കണ്ടയുടനെ അവർ പ്രവാചകന്റെയടുത്ത് പോയി വിവരം അറിയിച്ചു. കച്ചവട സംഘത്തോടൊപ്പം പ്രത്യേകിച്ച് കാവൽക്കാരൊന്നുമില്ല, ഏകദേശം നാൽപതാളുകൾ മാത്രമേയുള്ളൂ. ആയിരത്തോളം വരുന്ന മൃഗങ്ങളുടെ പുറത്തായിരുന്നു അവരുടെ ചരക്കുകൾ വഹിച്ചിരുന്നത്. ഈ ചരക്കുകളെല്ലാം മക്കയിലെത്തിയാൽ അവർ അതെല്ലാം ഉപയോഗിച്ച് പ്രവാചകനെയും മുസ്‌ലിംകളെയും ഉപദ്രവിക്കുമെന്ന് മനസ്സിലാക്കിയ പ്രവാചകൻ(സ്വ) തന്റെ അനുചരന്മാരോട് അവ പിടിച്ചെടുക്കുവാൻ കൽപിച്ചു. എന്നാൽ മുസ്‌ലിംകൾ ഒരുങ്ങിപ്പുറപ്പെട്ടപ്പോഴേക്ക് അബൂസുഫ്‌യാനും കൂട്ടുകാരും മറ്റൊരു വഴിയിലൂടെ മക്കയിലേക്ക് രക്ഷപ്പെടുകയും ചെയ്തു. പക്ഷേ, മുസ്‌ലിംകളോട് പകരം വീട്ടണമെന്ന ഉറച്ച തീരുമാനത്തിൽ അവർ സൈന്യത്തെ തയ്യാറാക്കുകയും അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ മദീനയിലേക്ക് പുറപ്പെടുകയും ചെയ്തു. ഇത് മനസ്സിലാക്കിയ പ്രവാചകനും സ്വഹാബികളും അവരെ നേരിടുവാനായി ഒരുങ്ങുകയും ചെയ്തു. ഇങ്ങനെയാണ് ബദ്ർ യുദ്ധം ഉണ്ടാകുന്നത്.

## സൈന്യങ്ങൾ

മുസ്‌ലിം സൈന്യത്തിൽ ഏകദേശം 319 (313, 314, 317 എന്നിങ്ങനെ അഭിപ്രായ വ്യത്യാസമുണ്ട്) പേരായിരുന്നു ഉണ്ടായിരുന്നത്. അവരുടെ കൂടെ ഒന്നോ രണ്ടോ കുതിരയും 70 ഒട്ടകങ്ങളുമുണ്ടായിരുന്നു. മൂന്നാളുകൾ വീതമായിരുന്നു ഓരോ വാഹനത്തിന്റെയും പുറത്ത് മാറി മാറി സഞ്ചരിച്ചിരുന്നത്. പ്രവാചകനും(സ്വ) അലി(റ)യും മർസദ്ബ്നുമർസദും(റ) ഒരു മൃഗത്തെ വാഹനമായി ഉപയോഗിച്ചു.

മുശ്‌രിക്കുകളുടെ സൈന്യത്തിലെ ആൾബലം ഏകദേശം 1300 ആയിരുന്നു. അവരോടൊപ്പം 100 കുതിരകളും 600 പടയങ്കിയും ധാരാളം ഒട്ടകങ്ങളും ഉണ്ടായിരുന്നു. സൈന്യത്തിന് പൊതുവായ നേതൃത്വം നൽകിയത് അബൂജഹ്ൽ ആയിരുന്നു.

## എന്തിന് യുദ്ധം നടന്നു?

യഥാർഥത്തിൽ നാം മനസ്സിലാക്കേണ്ടത് എന്തിനു വേണ്ടിയാണ് ബദ്ർ യുദ്ധം നടന്നത് എന്നാണ്. അത് ഒരു രാഷ്ട്രം പിടിച്ചെടുക്കുവാനോ, രാജാവാകുവാനോ, സമ്പത്ത് പിടിച്ചെടുക്കുവാനോ അല്ലായിരുന്നു. അല്ലാഹുവിനെ മാത്രമെ നിങ്ങൾ ആരാധിക്കുവാൻ പാടുള്ളൂ എന്ന ശുദ്ധമായ തൗഹീദിന്റെ വചനം മക്കയിൽ പതിമൂന്ന് വർഷം പ്രബോധനം ചെയ്തപ്പോൾ ശത്രുക്കൾക്ക് ഉൾകൊള്ളുവാൻ കഴിഞ്ഞില്ല, ഈ ആശയത്തെ തകർക്കുവാനായി അവർ കഴിയും വിധം പരിശ്രമിച്ചു. അങ്ങനെ പ്രവാചകനും സ്വഹാബികളും

തങ്ങളുടെ പ്രബോധന ദൗത്യവുമായി സുരക്ഷിത താവളമായ മദീനയിലേക്ക് ഹിജ്റ പോയി. അവിടെയും തൗഹീദിനെതിരിലുള്ള അക്രമത്തിന് ഒരുങ്ങിവന്ന മുശ്‌രിക്കുകളോടാണ് പ്രവാചകനും അനുയായികളും ഈമാനിന്റെ ശക്തികൊണ്ട് പടപൊരുതിയത്. അബൂജഹ്ൽ കഅ്ബയുടെ കില്ല പിടിച്ചുകൊണ്ട് അല്ലാഹുവിനോട് പ്രാർഥിച്ചത് നമുക്ക് ചരിത്ര ഗ്രന്ഥങ്ങളിൽ കാണാം. 'അല്ലാഹുവേ, ബദ്‌റിന്റെ താഴ്‌വരയിൽ സത്യത്തിന്റെ ആളുകളെ നീ വിജയിപ്പിക്കേണമേ' എന്നായിരുന്നു അബൂജഹ്‌ലിന്റെ പ്രാർഥന. ഇവിടെ അബൂജഹ്ൽ പ്രാർഥിച്ചത് അല്ലാഹുവിനോടാണ്. എന്നാൽ മറ്റുള്ള സന്ദർഭങ്ങളിൽ അവർ അല്ലാഹുവല്ലാത്തവരോടും പ്രാർഥിച്ചിരുന്നു, നേർച്ചയും വഴിപാടുകളും അർപ്പിച്ചിരുന്നു.

എന്നാൽ അല്ലാഹുവിന്റെ റസൂലും സ്വഹാബികളും പറഞ്ഞത് അല്ലാഹുവിന് മാത്രമെ ആരാധനകൾ അർപ്പിക്കാവൂ, അവനോട് മാത്രമെ നിങ്ങൾ പ്രാർഥിക്കാവൂ എന്നാണ്. ഈ രണ്ട് വിശ്വാസങ്ങളാണ് ബദ്‌റിന്റെ താഴ്‌വരയിൽ ഏറ്റുമുട്ടിയത്. തൗഹീദിൽ അടിയുറച്ചുനിന്ന മുഹമ്മദ് നബി(സ)ക്കും സ്വഹാബികൾക്കുമാണ് അവിടെ അല്ലാഹുവിന്റെ സഹായമുണ്ടായത്, വിജയമുണ്ടായത്. ആയുധബലം കൊണ്ടോ സംഘബലംകൊണ്ടോ അല്ല ബദ്‌റിൽ മുസ്‌ലിംകൾക്ക് വിജയം ഉണ്ടായത്. തൗഹീദിന്റെ തെളിമയാർന്ന വിശ്വാസമെന്ന ആയുധം അവരുടെ മനസ്സുകളിൽ രൂഢമൂലമായപ്പോൾ ആ വിശ്വാസത്തെ ശത്രുക്കളുടെ സംഘബലത്തിനോ ആയുധ ബലത്തിനോ അതിജയിക്കുവാൻ സാധിച്ചില്ല. ഇതാണ് സത്യം.

അല്ലാഹുവിനോട് മാത്രം വിളിച്ച് പ്രാർഥിച്ചിരുന്നവരും അല്ലാഹുവിനോടു കൂടെ മറ്റുള്ളവരോടും പ്രാർഥിച്ചിരുന്നവരും തമ്മിലാണ് ബദ്ർ യുദ്ധം നടന്നത് എന്ന് മുകളിൽ സൂചിപ്പിച്ചു.

അബ്ദുല്ലാഹ് ഇബ്നു സഅ്ലബബ്നു സ്വുഐറിൽനിന്നും നിവേദനം: അബൂജഹ്ൽ രണ്ട് സൈന്യങ്ങളും നേർക്കുനേർ കണ്ടുമുട്ടിയപ്പോൾ പറയുകയുണ്ടായി: "അല്ലാഹുവേ, അവൻ ഞങ്ങളുടെ കുടുംബ ബന്ധം മുറിച്ചിരിക്കുന്നു, ഞങ്ങൾക്കറിയാത്ത ഒരു കാര്യമാണവൻ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് അവനെ നാളെ പ്രഭാതത്തിൽ നീ നിന്ദിക്കേണമേ..." (അഹ്മദ്).

അബൂജഹ്ൽ അല്ലാഹുവിനോടാണ് ഈ സന്ദർഭത്തിലും പ്രാർഥിച്ചത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

പ്രവാചകൻ(സ്വ) പ്രാർഥിച്ചത് കാണുക: ഉമറുബ്നുൽ ഖത്വാബ്(റ) പറഞ്ഞു: "ബദ്ർ യുദ്ധ ദിവസം പ്രവാചകൻ(സ്വ) മുശ്‌രിക്കുകളുടെ സൈന്യത്തെ നോക്കി. അവർ ആയിരത്തോളം പേരും തിരുമേനിയും കൂട്ടുകാരും 319 പേരുമായിരുന്നു. അങ്ങനെ പ്രവാചകൻ(സ്വ) ക്വിബ്‌ലയിലേക്ക് മുന്നിട്ട് തന്റെ രണ്ടു കൈകളും നീട്ടി റബ്ബിനോട് പ്രാർഥിക്കുകയാണ്: "അല്ലാഹുവേ, നീ എനിക്ക് വാഗ്ദാനം നൽകിയത് പൂർത്തീകരിച്ചുതരേണമേ. അല്ലാഹുവേ, എനിക്ക് നീ വാഗ്ദാനം നൽകിയത് നീ നൽകേണമേ. അല്ലാഹുവേ, ഇസ്‌ലാമിന്റെ ഈ കൊച്ചുസംഘത്തെ നീ നശിപ്പിക്കുകയാണെങ്കിൽ ഈ ഭൂമിയിൽ കൃത്യമായ രൂപത്തിൽ ഒരിക്കലും നീ ആരാധിക്കപ്പെടുകയില്ല.' നബി(സ്വ) കൈകൾ നീട്ടി ക്വിബ്‌ലയിലേക്ക് മുന്നിട്ടുകൊണ്ട് പ്രാർഥിച്ചുകൊണ്ടേയിരുന്നു. തന്റെ ചുമലിലുണ്ടായിരുന്ന തട്ടംവരെ താഴെ വീഴുകയുണ്ടായി. അബൂബക്കർ(റ) വന്ന് അത് തിരുമേനിയുടെ ചുമലിലേക്ക് തന്നെ വെക്കുകയും പിന്നിൽ നിന്നുകൊണ്ട് (ഇപ്രകാരം) പറയുകയുമുണ്ടായി: 'അല്ലാഹുവിന്റെ തിരുദൂതരേ, താങ്കളുടെ രക്ഷിതാവിനോടുള്ള സംസാരം മതിയാക്കുക. തീർച്ചയായും അല്ലാഹു താങ്കൾക്ക് വാഗ്ദാനം നൽകിയിട്ടുള്ളത് നൽകുകതന്നെ ചെയ്യുന്നതാണ്.' അപ്പോഴാണ് ഈ ആയത്ത് ഇറങ്ങിയത്: 'നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക). തുടരെ തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്ക് മറുപടി നൽകി" (8:9)."അല്ലാഹു മലക്കുകളെ ഇറക്കിക്കൊണ്ട് തിരുമേനിയെ സഹായിച്ചു..."(മുസ്‌ലിം).

അല്ലാഹുവിനോട് മാത്രം പ്രാർഥിച്ചവർക്കാണ് ബദ്‌റിൽ വിജയവും അല്ലാഹുവിന്റെ സഹായവും ലഭിച്ചത്. ബദ്‌റിൽ പങ്കെടുത്ത മുസ്‌ലിംകൾക്കാണ് ബദ്‌രീങ്ങളെന്ന് നാം പറയുന്നത്. അവർ അല്ലാഹുവിനോട് മാത്രമാണ് പ്രാർഥിച്ചിരുന്നത്. എന്നാൽ ഖേദകരമെന്നു പറയട്ടെ, ഈ ബദ്‌രീങ്ങളോട് തന്നെ വിളിച്ച് പ്രാർഥിക്കുന്ന ദാരുണമായ അവസ്ഥയിലേക്ക് മുസ്‌ലിം സമൂഹം അധഃപതിച്ചിരിക്കുന്നു. ബദ്‌രീങ്ങളുടെ പേരിൽ മൗലൂദ് ഉണ്ടാക്കുകയും അതിലൂടെ അവരോട് വിളിച്ച് പ്രാർഥിക്കുകയും അവരുടെ നാമങ്ങളാണ് എന്ന് പറഞ്ഞ് കുറേ നാമങ്ങൾ കെട്ടിയുണ്ടാക്കുകയും അത് കടകളിലും വീടുകളിലും തൂക്കിയിട്ടുകൊണ്ട് അനുഗ്രഹം തേടുകയും ചെയ്യുന്നു. ബദ്ർ യുദ്ധത്തിന് ശേഷം പ്രവാചകനോ സ്വഹാബത്തോ ഇങ്ങനെ ചെയ്തിട്ടുണ്ടോ? ഒരിക്കലുമില്ല! ഒരാൾ അല്ലാഹുവല്ലാത്തവരോട് പ്രാർഥിച്ചാൽ അവന് ഇസ്‌ലാമിൽ സ്ഥാനമില്ല. അത് പ്രവാചകന്മാരോടോ, സ്വഹാബാക്കളോടോ, ബദ്‌രീങ്ങളോടോ

ആരോടായിരുന്നാലും ശരി; അത് ശിർക്കാണ്. ശിർക്ക് ചെയ്യുന്നവന് ഇസ്‌ലാമിൽ സ്ഥാനമില്ലായെന്ന് നാം ഓർക്കുക. ഇസ്‌ലാമിക പ്രമാണങ്ങൾ അത് നമ്മെ പഠിപ്പിക്കുന്നു.

**ബദ്ർ മാല**

ആരോ കെട്ടിയുണ്ടാക്കിയ ബദ്ർ മാലയിൽ നമുക്ക് ഇങ്ങനെ കാണാവുന്നതാണ്:

*"യെല്ലാ ബലാലും ആഫത്തും*
*എടങ്ങേറുകൾ മുസ്വീബത്തും*
*ബദ്‌രീങ്ങളെ ബറകത്തിനാൽ*
*എമെയ് കാക്കണം യാ റബ്ബനാ.*
*ദണ്ണം വബാ വസൂരിയും*
*മറ്റുള്ള ദീനം അടങ്കലും*
*ബദ്‌രീങ്ങളെ ബറകത്തിനാൽ*
*ശിഫയാക്കണം യാ റബ്ബനാ.*
*ദാഹം മൗത്തത് കൂട്ടിടും*
*ഇബ്‌ലീസ് കൂസിനെ കാട്ടിടും*
*നേരം ലഈൻ അവനാട്ടുവാൻ*
*ബദ്‌രീങ്ങളാൽ തുണ റബ്ബനാ."*

ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വസൂരി, കോളറ പോലുള്ളവയും മറ്റു രോഗങ്ങളും വരുമ്പോൾ ബദ്‌രീങ്ങളുടെ ബറകത്തിനാൽ ഞങ്ങളുടെ രോഗം ശിഫയാക്കണമേ ഞങ്ങളുടെ രക്ഷിതാവേ. മരണം വന്നെത്തുന്ന സമയത്ത് ശല്യമുണ്ടാക്കുന്ന ശപിക്കപ്പെട്ട പിശാചിനെ ആട്ടുവാൻ ബദ്‌രീങ്ങളുടെ തുണ നൽകേണമേ ഞങ്ങളുടെ രക്ഷിതാവേ എന്നൊക്കെ പ്രാർഥിക്കുവാനാണ് ഈ വരികളിലൂടെ പറയുന്നത്.

'ബദ്‌രീങ്ങളുടെ ബറകത്തിനാൽ ഞങ്ങളെ നീ രക്ഷിക്കേണമേ' എന്ന രൂപത്തിലുള്ള പ്രാർഥന പ്രവാചകനോ സ്വഹാബികളോ നടത്തിയിട്ടുണ്ടോ? ഒരിക്കലുമില്ല! ബദ്‌രീങ്ങളുടെ നേതാവാണല്ലോ നബി(സ്വ). ആ പ്രവാചകൻ നമുക്ക് അങ്ങനെയുള്ള ഒരു പ്രാർഥന പഠിപ്പിച്ച് തന്നിട്ടുണ്ടോ? ഒരിക്കലുമില്ല. ഇത് അപകടകരമായ കാര്യമാണ്. മതത്തിൽനിന്നുതന്നെ പുറത്താക്കുന്ന ശിർക്കിലേക്ക് എത്തിക്കുന്നതുമാണ്. എന്നാൽ ഇതൊന്നുമറിയാത്ത പാമരജനങ്ങൾ നേരിട്ട് ബദ്‌രീങ്ങളോട് വിളിച്ചുതേടുന്നത് പോലും നമ്മുടെ നാട്ടിൽ സാധാരണയാണ്.

ബദ്ർ യുദ്ധം കഴിഞ്ഞിട്ട് പ്രവാചകനും സ്വഹാബികളും എത്ര മാത്രം പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമാണ് അഭിമുഖീകരിച്ചത്! ഏതെങ്കിലും സന്ദർഭത്തിൽ അവർ അല്ലാഹുവിനെയല്ലാതെ വിളിച്ച് പ്രാർഥിച്ചുവോ? അവരുടെ ബറകത്തിനാൽ രക്ഷതരണേ എന്ന് പ്രാർഥിച്ചുവോ? ഒരിക്കലുമില്ല, പ്രവാചകന്നും സ്വഹാബികൾക്കും രോഗം വന്നില്ലേ? ആ സന്ദർഭത്തിൽ അവർ ബദ്‌രീങ്ങളോട് വിളിച്ച് പ്രാർഥിച്ചുവോ? ഒരിക്കലുമില്ല! മാത്രമല്ല, ബദ്‌രീങ്ങളിൽ പെട്ട ഒരുപാട് സ്വഹാബികൾ വസൂരിയും കോളറയും പിടിപെട്ടാണ് മരിച്ചതെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു! സ്വശരീരത്തിന് വരുന്ന രോഗങ്ങൾ തടുക്കുവാൻ ബദ്‌രീങ്ങൾക്ക് അവരുടെ ജീവിതകാലത്ത് സാധ്യമല്ലായെങ്കിൽ പിന്നെയെങ്ങനെ മരണപ്പെട്ട് നൂറ്റാണ്ടുകൾക്ക് ശേഷം നമുക്ക് വസൂരിയും കോളറയും മറ്റും വരുമ്പോൾ അവർക്ക് തടുക്കുവാൻ കഴിയും? ചിന്തിക്കുക.

കടം വീടുവാനും ലാഭമുണ്ടാകുവാനും വേണ്ടി കടകളിലും വീടുകളിലും ബദ്‌രീങ്ങളുടെ പേരുകൾ തകിടിലും മറ്റും എഴുതി തൂക്കിയിടുന്ന അന്ധവിശ്വാസം ചിലർക്കിടയിൽ കാണാവുന്നതാണ്. ബദ്‌രീങ്ങളുടെ നേതാവായ മുഹമ്മദ് നബി(സ്വ)യുടെ അവസ്ഥ നാം ശരിക്കും പഠിച്ചറിയുക. തിരുമേനി മരിച്ചപ്പോൾ തനിക്കുണ്ടായിരുന്ന ഒരു പടയങ്കി കുറച്ച് ഗോതമ്പിനുവേണ്ടി ഒരു ജൂതന്റെ കയ്യിൽ പണയത്തിലായിരുന്നുവെന്ന സംഭവം അറിയുന്നവർക്ക് എങ്ങനെ ഈ കാര്യം ചെയ്യാൻ സാധിക്കും? തിരുമേനി(സ്വ) മരിക്കുന്നതിന്റെ ഒരു ദിവസം മുമ്പ് വീട്ടിൽ വിളക്ക് കത്തിക്കുവാൻ എണ്ണയില്ലാത്തതിനാൽ അടുത്ത വീട്ടിൽനിന്ന് കടം വാങ്ങിയിട്ടാണ് വിളക്ക് കത്തിച്ചതെന്ന് നമ്മുടെയെല്ലാം ഉമ്മയായ പ്രവാചക പത്നി ആഇശ(റ) പറയുന്നതായി ഹദീസ് ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. അതുപോലെ പാകം ചെയ്യുവാൻ ഒന്നുമില്ലാഞ്ഞിട്ട് ഒന്നോ രണ്ടോ മാസം വരെ തിരുമേനി(സ്വ)യുടെ വീട്ടിലെ അടുപ്പിൽ നിന്ന് പുകയുയർന്നിരുന്നില്ലെന്ന് പ്രവാചക പത്നിമാർ പറഞ്ഞത് ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. പിന്നെയെങ്ങിനെ നാം നമ്മുടെ കടം വീടുവാനായി ബദ്‌രീങ്ങളുടെ പേരുകൾ എഴുതി കെട്ടിത്തൂക്കിയിടും? അതുകൊണ്ട് എന്തു ഫലം?

അപ്പോൾ ഇസ്‌ലാം ദീനിനെ സ്നേഹിക്കുന്ന, നബി(സ)യുടെയും സ്വഹാബത്തിന്റെയും പാത പിൻപറ്റുന്ന ആളുകൾക്ക് ഒരിക്കലും ഈ ബദ്ർമാല പാരായണം ചെയ്യാൻ കഴിയില്ല. ബദ്‌രീങ്ങളോട് പ്രാർഥിക്കുവാനോ ബദ്ർയുദ്ധം നടന്ന പരിശുദ്ധ റമദാൻ മാസത്തിൽ ബദ്‌രീങ്ങളുടെ ആണ്ട് കഴിക്കുവാനോ നമുക്ക് യാതൊരു തെളിവുമില്ല. തൗഹീദിന്റെ മാർഗത്തിലാണ് നബിയും സ്വഹാബത്തും മുശ്‌രിക്കുകളോട് പടവെട്ടിയത്. അതുകൊണ്ട് തന്നെ ബദ്‌രീങ്ങളോട് സ്നേഹമുള്ളവർ ബദ്ർ മൗലൂദ് കഴിക്കുകയല്ല വേണ്ടത്, മറിച്ച് അവർ ഏതൊരു ആദർശമാണോ സ്വീകരിച്ചത് ആ ആദർശം സ്വീകരിക്കുകയും ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വിപത്തുകളും അഭിമുഖീകരിച്ചപ്പോൾ ആരോടായിരുന്നോ അവർ പ്രാർഥിച്ചിരുന്നത് അവനോട് മാത്രം പ്രാർഥിക്കുകയുമാണ് വേണ്ടത്. എങ്കിലേ ബദ്‌രീങ്ങൾ പോകുന്ന സ്വർഗത്തിൽ നമുക്കും പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ. ■

അബൂഫായിദ



# ലൈലതുൽ ക്വദ്ർ
## എന്ന പുണ്യരാവ്

ആഇശ(റ) നിവേദനം, അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: “റമദാനിലെ അവസാന പത്തിലെ ഒറ്റയായ രാത്രികളിൽ നിങ്ങൾ ലൈലതുൽ ക്വദ്റിനെ പ്രതീക്ഷിച്ചുകൊള്ളുക” (ബുഖാരി, മുസ്‌ലിം)

സത്യവിശ്വാസികളെ സംബന്ധിച്ച് ഏറെ സന്തോഷവും പ്രതീക്ഷയും നൽകുന്ന മാസമാണ് പരിശുദ്ധ റമദാൻ. ആ മാസത്തിലെ ഒരു രാത്രി ലൈലതുൽ ക്വദ്ർ എന്ന പേരിൽ അറിയപ്പെടുന്നു. വിശുദ്ധ ക്വുർആൻ അവതീർണമായ രാത്രി എന്നതാണ് അതിന്റെ സവിശേഷത. വിശ്വാസികൾക്ക് സ്വപ്നതുല്യമായ പ്രതിഫലമാണ് ആ രാത്രിയിൽ ചെയ്യുന്ന പുണ്യകർമങ്ങൾക്ക് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത്. അതുകൊണ്ടു തന്നെ റമദാൻ മാസത്തെ വിശ്വാസികൾ വല്ലാതെ ഇഷ്ടപ്പെടുന്നു.

“തീർച്ചയായും നാം ഇതിനെ (ക്വുർആനിനെ) നിർണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണയത്തിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ? നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു. മലക്കുകളും ആത്മാവും അവരുടെ രക്ഷിതാവിന്റെ എല്ലാകാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങിവരുന്നു. പ്രഭാതോദയം വരെ അത് സമാധാനമത്രെ” (97:1-5).

‘ക്വദ്ർ’ എന്നതിന്റെ ഭാഷാർഥം ‘വിധിനിർണയം,’ ‘മഹത്തായത്,’ ‘കുടുസ്സായത്,’ ‘പവിത്രമായത്’ എന്നൊക്കെയാണ്. ‘ലൈലതുൽ ക്വദ്ർ’ എന്നതിന് ‘വിധിനിർണയത്തിന്റ രാവ്,’ ‘മഹത്തായ രാത്രി’ എന്നിങ്ങനെ അർഥം പറയാവുന്നതാണ്. ഇതിന് ഈ പേര് പറയാനുള്ള വ്യത്യസ്ത കാരണങ്ങൾ പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്.

ആ രാത്രി എന്നാണ് എന്ന കാര്യത്തിൽ വന്ന നബിവചനങ്ങൾ വ്യത്യസ്തമാണ്. അവയിൽനിന്ന് മൊത്തത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നത് റമദാനിന്റെ അവസാന പത്തിലെ ഒറ്റയായ രാവുകളിൽ ഏതോ ഒന്നിലാണ് അത് എന്നതാണ്. അത് എന്നാണ് എന്ന് കൃത്യമായി അറിയിച്ചു തന്നിട്ടില്ല എന്നതിനാൽ അവസാന പത്തിലെ എല്ലാ രാത്രികളിലും-വിശിഷ്യാ ഒറ്റയായ രാത്രികളിൽ-അതിനെ പ്രതീക്ഷിക്കലാണ് കരണീയമായിട്ടുള്ളത്. അതാണ് പ്രബലമായ അഭിപ്രായം. ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച, ആഇശ(റ) നിവേദനം ചെയ്യുന്ന ഹദീസ് അതാണ് സൂചിപ്പിക്കുന്നത്.

ആഇശ(റ) പറയുന്നു: “നബി(സ്വ) റമദാനിലെ അവസാന പത്തിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. അവിടുന്നു പറയും: ‘റമദാൻ അവസാന പത്തിലെ ഒറ്റയായ രാത്രികളിൽ നിങ്ങൾ ലൈലതുൽ ക്വദ്റിനെ പ്രതീക്ഷിച്ചുകൊള്ളുക.”

ഈ വിഷയത്തിൽ ഇമാം ശാഫിഈ(റഹി) പറയുന്നു: “എന്റെ വീക്ഷണത്തിൽ ഇത് (ലൈലതുൽ ക്വദ്റിനെക്കുറിച്ചുള്ള വ്യത്യസ്ത റിപ്പോർട്ടുകൾ) വരാനുള്ള കാരണം-അല്ലാഹു ഏറ്റവും നന്നായി അറിയുന്നു- പ്രവാചകൻ തന്നോട് ചോദിക്കപ്പെടുന്നതിനനുസരിച്ച് മറുപടി പറഞ്ഞതാണ് എന്നതാണ്. (ഉദാഹരണത്തിന്) ‘ഇന്ന ദിവസം ഞങ്ങൾ ലൈലതുൽ ക്വദ്റിനെ കരുതി ഇരുന്നുകൊള്ളട്ടെ’ എന്നൊരാൾ ആരായുന്നു. അതിന് നബി(സ്വ) ‘അതെ, ഇന്ന ദിവസം നിങ്ങളതിനെ പ്രതീക്ഷിച്ചുകൊള്ളുക’ എന്ന് മറുപടി നൽകുന്നു...” (ബഗവി, ശറഹുസ്സുന്നയിൽ ഉദ്ധരിച്ചത്).

അവസാനത്തെ പത്ത് രാത്രികളിലും നാം ഉണർന്നിരിക്കുക. കാരണം നബി(സ്വ) അവസാനത്തെ പത്ത് രാത്രികളെ ഉറങ്ങാതെ ആരാധനകളാൽ ജീവിപ്പിച്ചിരുന്നു. നാം കുടുംബത്തെ അതിനായി വിളിച്ചുണർത്തുകയും ആരാധനകൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക. അതോടൊപ്പം അനാവശ്യമായ തർക്കവും ചർച്ചയും ചീത്ത കാര്യങ്ങളിലുള്ള കൂടിച്ചേരലുകളും ഒഴിവാക്കുക. പശ്ചാത്തപിച്ച് മനസ്സ് ശുദ്ധിയാക്കുക. നിയ്യത്ത് നന്നാക്കുക. അല്ലാഹുവിൽനിന്നുള്ള പ്രതിഫലം മാത്രം ഉദ്ദേശിച്ച് സൽകർമങ്ങൾ അധികരിപ്പിക്കുക. ■

# വ്യവസ്ഥാപിത മതപഠനത്തിന്റെ പത്ത് വർഷങ്ങൾ...!!



SCHOOL OF Qur'an

JAMIA AL-HIND AL-ISLAMIYYA

## രജിസ്ട്രേഷൻ ആരംഭിച്ചു

### സവിശേഷതകൾ

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- 12 ഭാഷകളിലായി സൗജന്യ ക്വുർആൻ മൊബൈൽ ആപ്ലിക്കേഷൻ – നൂർ ആപ്പ്
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോ വിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ
- കേരളത്തിലും തമിഴ്നാട്ടിലുമായി 40ൽ അധികം സെന്ററുകൾ

കൂടുതൽ വിവരങ്ങൾക്ക്: +91 8606788882, 9072646000
സന്ദർശിക്കുക: www.schoolofquran.in

- ☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം
- ☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം
- ☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ
- ☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ
- ☆ അപേക്ഷകർ മുകളിലുള്ള QR CODE സ്കാൻ ചെയ്ത് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് അപേക്ഷാഫോം പൂരിപ്പിക്കുക.

KASARAGODE: 8089192273 | KANHANGAD: 9605210101 | THALIPARMBA: 8606776770 | KINAVAKKAL: 99953 34766 | VADAKARA: 9995494598 | KAPPAD: 9846808230 | PARAPPANAGADI: 9544924596 | TIRUR: 9633099992 | THOTTASSERIYARA: 8606600555 | CHATTIPARAMBA: 9496526220 | KOTTAKKAL: 9995798755 | EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 9447926082 | VENGIDANGU: 9048869220 | MARANCHERY: 9946739215 KOLLAM: 80895 46729 | KAYAMKULAM: 89434 64478 | ATTINGAL: 9497714521 | KODUVAYUR: 9745287883 | KOLLAYIL: 9747258263 | OTHAYI : 9497 650100 PALAPPETTY : 9207942750 | KANNANALLOOR : 9961493999 | COIMBATORE: 9080475224 | ERODE: 9942958888 | SALEM : 9865167864 | METTUPALAYAM: 8300886551 | POLLACHI : 9940838413 | UDAMALPET : 9865051917

**Head Office:** Jamia Al-Hind Al-Islamiyya | Wadi Al Hikma | Jamia Campus | Mini Ootty | Oorakam Malappuram | Kerala | India | PIN 676519 | Mob: +91 8606788882 | WhatsApp: 9072646000
mail@schoolofquran.in  www.schoolofquran.in

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
30 MARCH 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM students

12 Years of Colourful Smiles



# ഈദ് കിസ്‌വ

“ കുഞ്ഞുടുപ്പിൽ
നിറയും നറു പുഞ്ചിരി
പാവപ്പെട്ട ഒരു കുട്ടിക്ക് പെരുന്നാൾ
പുതുവസ്ത്രം നൽകാൻ
ഒരു ഓഹരി
നമുക്കും മാറ്റിവെക്കാം...

ഒരു കുട്ടിക്ക്
₹1300/-

പണം അയക്കേണ്ട അക്കൗണ്ട് വിവരങ്ങൾ

| | |
|---|---|
| Bank Name | AXIS BANK |
| Customer Name | WISDOM ISLAMIC ORGANIZATION EDIFICE |
| Account No. | 921010054119382 |
| Branch | Kozhikode |
| IFSC Code | UTIB0000136 |

SCAN & PAY

റസിപ്റ്റിനും
കൂടുതൽ
വിവരങ്ങൾക്കും
7560 902 902

Wisdom Islamic Students Organization • CV Complex, PV Swami Road, Kozhikode